# സമന്വയ

## അതിരൂപത ബുള്ളറ്റിൻ

തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.

പുസ്തകം 26 | ആഗസ്റ്റ് 2022 | ലക്കം 2



***രക്ഷാധികാരികൾ***

മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
മോസ്റ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
റവ. മോൺ. യൂജിൻ എച്ച്. പെരേര

***പത്രാധിപർ***

റവ.ഡോ.ലോറൻസ് കുലാസ്

***പത്രാധിപ സമിതി***

റവ. മോൺ. സി. ജോസഫ്
റവ. ഡോ. എഡിസണ്‍ വൈ.എം.
റവ. ഡോ. ഡാർവിൻ പീറ്റർ
റവ. ഡോ. ഡൈസണ്‍ വൈ.
റവ. ഡോ. മൈക്കിൾ തോമസ്
റവ. ഫാ. ആഷ്‌ലിൻ ജോസ്
റവ. ഫാ. ഷാജിൻ ജോസ്
റവ. ഫാ. ക്രിസ്റ്റൽ റൊസാരിയോ
റവ. ഫാ. സന്തോഷ് കുമാർ
റവ. ഫാ. ഡാനിയേൽ ആർ.

***കവർ & ലേ-ഔട്ട്***

ജീവജ്യോതി ഓഫ്സെറ്റ് പ്രസ്സ്



ലാറ്റിൻ ആർച്ച്ബിഷപ്പ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001


## താളുകളിൽ


- സംഘടിത മേഖലയിൽ തൊഴിൽ നേടാൻ എത്ര ദൂരം
- ബിഷപ്പ്സ് ഡയറി
- ചാൻസിലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ബി.സി.സി.
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്യാസ ശുശ്രൂഷ
- കെ.സി.എസ്.എൽ.
- ഹെറിറ്റേജ് കമ്മിഷൻ
- സാമൂഹ്യ ശുശ്രൂഷ
- മത്സ്യമേഖല ശുശ്രൂഷ
- അല്മായ ശുശ്രൂഷ

# സംഘടിത മേഖലയിൽ തൊഴിൽ നേടാൻ എത്ര ദൂരം?

അതിരൂപതയിലെ ജനങ്ങളെ നിലവിലെ സ്ഥിതി പഠിക്കാൻ 2021-ൽ സാമൂഹിക ശുശ്രൂഷാ സമിതിയുടെ നേതൃത്വത്തിൽ ഒരു സാമ്പിൾ സർവ്വേ നടത്തിയിരുന്നു. ഈ സർവ്വേയ്ക്കായി 22 ഇടവകയിലെ 3517 കുടുംബങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചു. നമ്മുടെ ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ-വിദ്യാഭ്യാസ-തൊഴിൽ അവസ്ഥ ഈ സർവ്വേ എടുത്തു കാട്ടുന്നു. ഈ സർവ്വേയുടെ തൊഴിൽ മേഖലയിലെ കണ്ടെത്തലുകൾ പല ഉൾക്കാഴ്ചകൾ നമുക്ക് നൽകുന്നു. കൂടാതെ, സംഘടിതമേഖലയിൽ തൊഴിൽ നേടാൻ നാം എത്രദൂരം സഞ്ചരിക്കേണ്ടതുണ്ടെന്നുൾപ്പെടെയുള്ള നിരീക്ഷണങ്ങളും ഇന്ന് മുഖ്യധാരയിലുള്ള ജനത്തോടൊപ്പം എത്തിച്ചേരാൻ എന്തെല്ലാം നേടേണ്ടിയിരിക്കുന്നുവെന്ന് നിർദ്ദേശിക്കുവാനും ഇവിടെ ഉദ്യമിക്കുകയാണ്.

**ഉൾക്കാഴ്ചകൾ**

സംഘടിതമേഖലയിൽ വളരെ ചെറിയ ശതമാനം ആളുകൾ മാത്രമാണ് സ്ഥിരവേതനം ലഭിക്കുന്ന തസ്തികകളിൽ ജോലിക്കാരായുള്ളത്. സ്ഥിരവേതനം ലഭിക്കുന്ന തസ്തികകളിൽ ജോലിക്കാരായുള്ളവരിൽ ഭൂരിഭാഗം പേരും അധ്യാപനമേഖലയിൽ പിടിച്ചുനില്ക്കാൻ ശ്രമിക്കുന്നു. നൈപുണ്യപരിശീലനം ആവശ്യമായി വരുന്ന സാങ്കേതിക വൈവിധ്യമേന്മയുള്ള തൊഴിൽരംഗങ്ങളിലേയ്ക്ക് ആളുകൾ വളരെ വിളരമായി മാത്രമേ കടന്നുകൂടുന്നുള്ളൂ. സംഘടിത സ്വകാര്യമേഖലയിൽ ഭൂരിഭാഗം പേരും പരമ്പരാഗത തൊഴിൽ സങ്കല്പവുമായാണ് ഇറങ്ങുന്നത്. അതായത്, അധ്യാപനവും സ്കൂളിലെ അനുബന്ധതൊഴിലുകളും. ഈ മേഖലയിൽ വ്യത്യസ്തമായ വസ്തുത ബാങ്കിംഗ് സെക്റ്ററിലേക്കും നേഴ്സിംഗ് മേഖലയിലേയ്ക്കും കുറച്ചുപേർ നീങ്ങുന്നുവെന്നതാണ്. ഈ മേഖലയിലും നൈപുണ്യപരിശീലനവും സാങ്കേതിക വൈവിധ്യമേന്മയുള്ളതുമായ തൊഴിൽചെയ്യുന്നവർ (ഡോക്ടേഴ്സ്, എഞ്ചിനീയേഴ്സ്, ലോയേഴ്സ് തുടങ്ങിയവ) വളരെ വിരളമാണ്. അസംഘടിത

തൊഴിൽമേഖലയിലാണ് നമ്മുടെ ജനം കൂടുതലുംജോലിചെയ്യുന്നത്. ഏറെ പ്രത്യേകിച്ച് പരമ്പരാഗതതൊഴിലായ മത്സ്യബന്ധനം, വിദേശത്ത് പ്രവാസികളായിരുന്നുകൊണ്ട് ചെയ്യുന്ന തൊഴിൽ. മേൽപറഞ്ഞ സംഘടിതതൊഴിലുകൾക്കു പുറമേ ഭൂരിഭാഗം പേരും ഏർപ്പെടുന്നത് വൈദഗ്ധ്യമില്ലാത്ത തൊഴിലുകളിലും, ചെറുകിടസംരഭ തൊഴിലുകളിലും കൂലിപ്പണികളിലുമാണ്.

**പൊതുനിരീക്ഷണങ്ങൾ**

നൈപുണ്യപരിശീലനവും സാങ്കേതിക വൈവിധ്യമേന്മയുള്ളതുമായ തൊഴിൽരംഗങ്ങളിലേയ്ക്ക് എത്തിച്ചേരാൻ വർഷങ്ങൾ നീണ്ട വിദഗ്ദ പരിശീലനം ആവശ്യമാണ്. അതിലേയ്ക്ക് തിരിയാൻ നമ്മുടെ ജനം തയ്യാറാകുന്നില്ല. സംസ്ഥാനത്തെ മുഖ്യധാരയിലുള്ള ജനങ്ങളുടെ അടുക്കലെത്താൻ നമ്മുടെ ജനങ്ങൾക്ക് വീണ്ടും ധാരാളം വർഷങ്ങൾ വേണ്ടിവരും. തൊഴിൽ ചെയ്യാൻ പ്രാപ്തിയുള്ള പ്രായപരിധിയിലുള്ളവരിൽ പകുതിയും തൊഴിൽരഹിതരാണ്. ഒരുവ്യക്തിയുടെ ജീവിതത്തിൽ വിദ്യാഭ്യാസത്തിന് ശേഷം തൊഴിൽ ചെയ്യാൻ യോജിച്ച കാലഘട്ടം 23 മുതൽ 60 വയസുവരെയാണെങ്കിൽ തൊഴിലിന് മുമ്പ് ലഭിക്കുന്ന പരിശീലനമാണ് (വിദ്യാഭ്യാസമാണ്) നമ്മെ ശരിയായ തൊഴിലിലേയ്ക്ക് നയിക്കുന്നത്. വിദ്യാഭ്യാസം ലഭിച്ചവരിൽതന്നെ വളരെ ചെറിയൊരു ശതമാനം മാത്രമാണ് മികവുള്ള തൊഴിലുകളിൽ അഥവാ സുസ്ഥിരമായ തൊഴിൽരംഗത്ത് നിലകൊള്ളുന്നത്. തൊഴിൽ ചെയ്യാൻ യോഗ്യതയുണ്ടെങ്കിലും തൊഴിലിൽ നിന്ന് അകറ്റിനിർത്തപ്പെട്ടവർ വലിയൊരുവിഭാഗം സ്ത്രീകളാണ്. അവർക്ക് വിവാഹത്തിന് ശേഷം ഭവനത്തിൽ കഴിഞ്ഞുകൂടേണ്ടി വരുന്നു. വീട്ടമ്മമാരിൽ അഭ്യസ്ഥവിദ്യർ കുറവായതുകൊണ്ട് ഓഖി പോലുള്ള ദുരന്തങ്ങളോ അപകടങ്ങളിലോ മറ്റ് അപ്രതീക്ഷിത അവസ്ഥകളിലോ ജീവിത പങ്കാളി മരണപ്പെട്ടാൽ പൊതുമേഖലയിലോ സംഘടിതസ്വകാര്യമേഖലയിലോ തൊഴിൽ ലഭിച്ചാൽ അത് സ്വീകരിക്കാൻ സാധ്യമല്ലാതെവരുന്നു. മത്സ്യവിപണ സ്ത്രീകളെക്കുറിച്ച് സർവ്വേയിൽ പരാമർശമില്ല. അവരുടെ തൊഴിൽ നിലവാരം മെച്ചപ്പെടേണ്ടതുണ്ട്.

**നിർദ്ദേശങ്ങൾ**

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലഭ്യമാക്കണം. തൊഴിൽപരമായ (Professional) വിദ്യാഭ്യാസം ലഭിക്കുവാനുള്ള വിദ്യാ

ഭ്യാസസ്ഥാപനങ്ങൾ നമുക്കുണ്ടാകണം. അസംഘടിത സ്വകാര്യ മേഖലയിലെ പരമ്പരാഗത തൊഴിലായ മത്സ്യബന്ധനം പ്രതികൂലമായ സാഹചര്യത്തിൽ മറ്റ് തൊഴിൽ(alternative labour) ചെയ്യുവാനുള്ള നൈപുണ്യവും അവസരങ്ങളും ലഭ്യമാക്കണം. കരിയർ ഗൈഡൻസ് നൽകണം. തൊഴിലെടുക്കാതെ വീട്ടിലിരിക്കുന്നത് അമാന്യമായ ഒരു സംസ്ക്കാരമാണെന്ന് പഠിപ്പിക്കണം. തൊഴിൽ ചെയ്യുവരുടെ ആരോഗ്യം, പാർപ്പിടം മുതലായവ തൊഴിലിന്റെ തന്നെ വിഷയമായി ഉയർത്തപ്പെടണം. അസംഘടിത മേഖലയിൽ തൊഴിൽ അവസരങ്ങൾ കുറയുന്നതും തൊഴിൽ ഇടങ്ങൾ നഷ്ടമാകുന്നതും മത്സ്യസമ്പത്ത് കുറയുന്നതും നാം ഗൗരവമായി കാണണം. സർക്കാരുകൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ (അദാനി പോർട്ട്), അശാസ്ത്രീയ നിർമ്മാണ പ്രവർത്തനം (മുതലപ്പൊഴി), Blue Economy Policy നിർദ്ദേശിക്കുന്ന തീരദേശ ടൂറിസം, ആഴക്കടൽ മത്സ്യബന്ധനം, സ്വകാര്യ കമ്പനികൾക്കും വിദേശികൾക്കും മത്സ്യസമ്പത്ത് ശേഖരിക്കുവാനുള്ള അനുവാദം, ആവാസവ്യവസ്ഥയുടെ കനത്തനാശം എന്നിവയും നാം ഗൗരവമായി കാണണം. പരമ്പരാഗത തൊഴിലായ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന ദിവസങ്ങളുടെ എണ്ണം പ്രകൃതിദുരന്തം, കാലാവസ്ഥവ്യതിയാനം എന്നിവ കാരണം കുറഞ്ഞുവരുന്നു. അതിനാൽശാസ്ത്രീയമായ ഇടപെടലുകളും ഭരണകൂടങ്ങളിൽ നിന്നുള്ള സംരക്ഷണവും ന്യായമായി നാം ഉറപ്പാക്കണം.

ഫാ. ലോറൻസ് കുലാസ്

## ARCHBISHOP'S DIARY –AUGUST 2022

| DAY & TIME | PROGRAMM |
|---|---|
| 1st MON- 5th FRI | K.C.B.C Annual Retreat |
| 06th SAT, 6:15 pm | Feast Mass at Our Lady of Assumption Forane Church, Vlathankara. |
| 08th MON, 4:00 pm | Blessing of Santhwana Rehabilitation Centre, Puthenthope. |
| 12th FRI, 3:30 pm | Ordination at St.Joseph's Cathedral, Palayam. |
| 15th MON, 10:00 am | Feast mass at St. Mary's Church, Pongumood. |
| 15th MON, 5:30 pm | Feast Mass at Our Lady of Assumption Church, Marianad. |
| 16th TUE, 10:00 am | Feast Mass at St. Roch's Church, Poothura. |
| 17th WED, 5:30 pm | Memorial Mass of Bishop Benzinger at Carmel Hill Monastery, Pangod |
| 21st SUN, 9:00 am | Confirmation at St. Pius X Church, Kumarapuram |
| 21st MON-26th FRI | Retreat – First Batch |
| 28th - 2nd SEPT | Retreat – Second Batch |

## AUXILIARY BISHOP'S DIARY –AUGUST 2022

| DAY & TIME | PROGRAMM |
|---|---|
| 1st MON- 5th FRI | K.C.B.C Annual Retreat |
| 11th THU, 4:00 pm | Ordination at St. Peter's Forane Church, Anjengo. |
| 12th FRI, 3:30 pm | Ordination at St.Joseph's Cathedral, Palayam. |
| 14th SUN | Talk- Youth Convention at Anugrahabhavan |
| 15th MON, 10:00 am | Confirmation at Good Shepherd Church, Thrikkannapuram. |
| 15th MON, 5:30 pm | Feast Mass at Assumption Church, Cheriyathura. |
| 18th THU, 11:00 am | Marriage Blessing at Pangod |
| 20th SAT, 11:00 am | Marriage Blessing at Pangod |
| 21st MON-26th FRI | Retreat – First Batch |
| 28th - 2nd SEPT | Retreat – Second Batch |

**Secretary to Bishops**

## CHANCERY BULLETIN
## (Latin Archdiocese of Trivandrum)

### A. APPOINTMENTS & TRANSFERS

1. Rev. Fr. V. George Benziger CMF- appointed Parish Priest, St. John the Baptist Church, Poothurai, Tamilnadu, with effect from 10.07.2022
2. Rev. Fr. A. Xavier CMF- appointed Assistant Parish Priest, St. John the Baptist Church, Poothurai, Tamilnadu, with effect from 10.07.2022.

### B. THE FOLLOWING SUB-STATIONS WERE ERRECTED AS PARISHES THROUGH THE DECREE OF THE ARCHBISHOP

1. Our Lady of Mount Carmel Church, Chambavu in Anjengo Foronate - 01st May, 2022
2. NityaSahayaMatha Church, Kunnumpuram in Pettah Foronate - 01st May, 2022
3. Little Flower Church, Pushpagiri in Pettah Foronate - 05th June, 2022

### C. BIRTHDAYS

| | | |
|---|---|---|
| 1. | Rev. Fr. Joseph R. D'Silva | 01.08.1938 |
| 2. | Rev. Fr. Sebastian Kalambaden SDB | 02.08.1959 |
| 3. | Rev. Fr. Gerard Silva | 05.08.1945 |
| 4. | Rev.Fr.Johny Jackson.OCD. | 11.08.1979 |
| 5. | Rev. Fr. Stanislaus Theesmas | 13.08.1967 |
| 6. | Rev. Fr. Prabin S.M. | 15.08.1986 |
| 7. | Rev. Fr. Vigil George | 15.08.1989 |
| 8. | Rev. Fr. Johnson Alexander | 17.08.1962 |
| 9. | Rev. Fr. Immanuel Y | 17.08.1988 |
| 10. | Rev. Fr. Rojan S. Robert | 20.08.1990 |

| | | |
|---|---|---|
| 11. | Rev. Fr. Suresh D. Antony | 21.08.1967 |
| 12. | Rev. Fr. Christudas Philip | 22.08.1983 |
| 13. | Rev. Dr. JibuJajin | 25.08.1977 |
| 14. | Very Rev. Fr. Lazer Benedict | 26.08.1966 |
| 15. | Rev. Fr. Jacob Stellus | 28.08.1980 |

## D.ORDINATION DAYS

| | | |
|---|---|---|
| 1. | Rev. Fr. Ajith Antony | 14.08.2019 |
| 2. | Rev. Fr. Jim Carvin Roach | 14.08.2019 |
| 3. | Rev. Dr. Jibu J Jajin | 22.08.2011 |
| 4. | Rev. Fr. Judit Pious Lawrence | 22.08.2011 |
| 5. | Rev. Fr. Richard Sacharias | 22.08.2011 |
| 6. | Rev. Fr. Jerome Amirthayyan | 22.08.2012 |
| 7. | Rev. Fr. Lawrence Lucas | 22.08.2012 |
| 8. | Rev. Fr. Santhosh Kumar Paniyadima | 22.08.2012 |
| 9. | Rev. Fr. Deepak Anto A.J | 22.08.2016 |
| 10. | Rev. Fr. Shynish Bosco | 22.08.2016 |
| 11. | Rev. Fr. Julius Savio K.M. | 28.08.2017 |
| 12. | Rev. Fr. Darvin Fernandez A. | 28.08.2017 |

## E.DEATH ANNIVERSARIES

| | | |
|---|---|---|
| 1. | Rev. Fr. Peter Puthenpurackal | 02.08.1973 |
| 2. | Rev. Fr. Michael Jackson | 05.08.1952 |
| 3. | Most Rev. Bishop A.B. Jacob Ofm Cap | 13.08.1995 |
| 4. | Rev. Fr. Joseph Gomez | 13.08.2014 |
| 5. | Rt. Rev. Msgr. Bernardine OCD | 18.08.1944 |
| 6. | Very Rev. Fr. Ignatius Francis Louis | 21.08.2008 |
| 7. | Rev. Fr. Simon John | 27.08.1991 |
| 8. | Rev. Fr. Stephen G. | 27.08.2010 |
| 9. | Rev. Fr. Michael John | 30.08.1965 |
| 10. | Rt. Rev. Msgr. John N. Fernandez | 30.08.1984 |
| 11. | Rev. Msgr. John D Bosco | 30.08.2014 |

**F.PERPETUAL DAY ADORATION**

| | | |
|---|---|---|
| 1. | Sacred Heart Convent, Anjengo | 05.08.2022 |
| 2. | St. Thomas Forane Church, Thoothoor | 11.08.2022 |
| 3. | Assumption Church, Thycaud | 22.08.2022 |
| 4. | Our Lady of Sorrows Convent, Poonthura | 31.08.2022 |

---

The 27th Death Anniversary of late Most Rev. Dr. A.B. Jacob Ofm Cap, former Bishop of Trivandrum Diocese, falls on 13th August. Kindly remember our late beloved Bishop in the Holy Mass on that day.

---

AUGUST 15 – DAY OF OBLIGATION
SOLEMNITY OF ASSUMPTION OF OUR BLESSED MOTHER
AND
INDEPENDENCE DAY OF OUR NATION.

**Fr. C. Joseph**
**Chancellor**

# Metropolitan Tribunal News of Latin Archdiocese of Trivandrum

## 2022 July

| | | |
|---|---|---|
| A. 1. Petitions received in July | - | 004 |
| 2. Petitions rejected in July | - | 000 |
| B. 1. Petitions admitted as case in July | - | 004 |
| 2. Cases on process in June | - | 085 |
| Total | - | 089 |
| C. Decreed cases in July | - | 007 |
| D. Closed cases | - | 001 |
| Total | - | 008 |

Cases on process - 89-8=81

Fr. Paul G.
Notary

Fr. Jose G.
Judicial Vicar

# ബിസിസി

**അതിരൂപതാതലം**

ജൂലൈ മാസം 26-ാം തീയതി ഫെറോന വൈദിക കോർഡിനേറ്റർമാരുടെ യോഗം നടത്തുകയുണ്ടായി. മാർഗ്ഗരേഖയുടെ അജപാലന നിയമാവലിയുടെയും ഭേദഗതികളെക്കുറിച്ച് ചർച്ചചെയ്തു. രൂപതാ ബി.സി.സി. കമ്മീഷന്റെ നേതൃത്വത്തിൽ പാളയം ഫെറോനയിലെ മലമുകൾ, കഴക്കൂട്ടം ഫെറോനയിലെ കൊയ്ത്തൂർക്കോണം എന്നീ ഇടവകകളിൽ യൂണിറ്റ് ഭാരവാഹികൾക്ക് ഒരുക്കക്ലാസുകൾ നൽകി.

**ഫെറോനാതലം**

**പുതുക്കുറിച്ചി ഫെറോന**

പുതുക്കുറിച്ചി ഫെറോനയിലെ കൊച്ചുതുറ ഇടവക ഒഴികെ മറ്റെല്ലാ ഇടവകകളിലും പ്രതിമാസ ബി.സി.സി. യോഗങ്ങളും വിവിധ ശുശ്രൂഷാ സമിതി യോഗങ്ങളും ബി.സി.സി. ജനറൽ ബോഡിയും നടന്നു വരുന്നു. ജൂൺ 28-ാം തീയതി ബഹുമാനപ്പെട്ട ഫെറോന വികാരി ജെറോ ഫെർണാണ്ടസ് അച്ചന്റെ അധ്യക്ഷതയിൽ ഫെറോനാതല ജോയിന്റ് ആനിമേറ്റേഴ്സ് യോഗം നടന്നു. എല്ലാ മാസവും അവസാന ബുധനാഴ്ച ജോയിന്റ് ആനിമേറ്റേഴ്സ് യോഗവും മൂന്നു മാസത്തിലൊരിക്കൽ ഫെറോന കോർഡിനേറ്റേഴ്സിന്റെയും ഉൾപ്പെടുത്തിയുള്ള യോഗവും നടത്താൻ തീരുമാനിച്ചു. ഫെറോന കമ്മീഷന്റെ യോഗം എല്ലാ മാസവും രണ്ടാം ഞായറാഴ്ച മൂന്നു മണിക്ക് ഓരോ ഇടവകകളിലും മാറി മാറി നടന്നു വരുന്നു. ജൂൺ മാസം ഫാത്തിമപുരം ഇടവകയിൽ വച്ചും ജൂലൈ മാസം തുമ്പ ഇടവകയിൽ വച്ചും ഫെറോന കമ്മീഷൻ യോഗം നടത്തി. പ്രസ്തുത യോഗത്തിൽ ബഹുമാനപ്പെട്ട ഇടവക വികാരിമാരും പങ്കെടുത്തു. ഓരോ ഇടവകയിൽ നിന്നും ഉള്ള കോർഡിനേറ്റേഴ്സ് ബി.സി.സി. യുടെയും സമിതികളുടെയും പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. തിരുഹൃദയം മാസമായ ജൂൺ മാസം ബഹുമാനപ്പെട്ട വൈദികർ ഭവനസന്ദർശിച്ച് തിരുഹൃദയ പ്രതിഷ്ഠ നവീകരിച്ചു.

**കഴക്കൂട്ടം ഫെറോന**

ഫെറോനയിലെ എല്ലാ ഇടവകകളിലും ബി.സി.സി. യൂണിറ്റുകളുടെ യോഗം പുനരാരംഭിച്ചുവെങ്കിലും പങ്കാളിത്തം കുറവായ് മിക്ക ഇടവകകളിലും കാണപ്പെടുന്നു. ബി.സി.സി. ജനറൽബോഡി

യോഗം ഇടവകകളിൽ നടന്നുവരുന്നു. കോർഡിനേറ്റർമാരുടെ യോഗം ജൂലൈ 31 ന് നടക്കും. കൊയ്ത്തൂർക്കോണം ഇടവകയിൽ ബി.സി.സി. ജനറൽബോഡി അംഗങ്ങൾക്കായ് ഒരു പഠനക്ലാസ് ജൂലൈ 3 ന് നടന്നു. ഫെറോന വികാരി റവ. ഫാ. ജോസഫ് ബാസ്റ്റിൻ ഉത്ഘാടനം ചെയ്ത പഠനക്ലാസ് അതിരൂപത ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി റവ. ഫാ. ഡാനിയേൽ, ഫെറോന ആനിമേറ്റർ ശ്രീ ഫ്രെഡറിക് പെരേര എന്നിവർ ക്ലാസുകൾ നയിച്ചു.

**കോവളം ഫെറോന**

കാരയ്ക്കാമണ്ഡപം, പൊന്നുമംഗലം, പൂങ്കുളം, ആഴാകുളം, വവ്വാമൂല, ഇടയാൽ, പുന്നമൂട്, പെരിങ്ങമ്മല, പാലപ്പൂർ, നെല്ലിയോട്, കാക്കാമൂല, വിഴിഞ്ഞം, പൂന്തുറ, പരുത്തിക്കുഴി എന്നീ ഇടവകകളിൽ ബി.സി.സി. പ്രാർത്ഥനകൾ മുടക്കം കൂടാതെ നടക്കുന്നു. ബി.സി.സി. ജനറൽബോഡി മുടക്കം കൂടാതെ നടന്നുവരുന്നു. ചില ഇടവകകളിൽ ബി.സി.സി. കൂട്ടായ്മയിൽ അച്ചന്മാരുടെയും സിസ്റ്റർമാരുടെയും പ്രാതിനിധ്യം ഉണ്ടായിരുന്നു.

മിക്ക ഇടവകകളിലും വൈദികർ ഭവനസന്ദർശനവും തിരുഹൃദയപ്രതിഷ്ഠയും നടത്തിവരുന്നു. ബി.സി.സി. ഫെറോന യോഗം കൃത്യമായി നടക്കുന്നു.

**പാളയം ഫെറോന**

അതിരൂപതാതലത്തിൽ നടന്ന സംയുക്ത ആനിമേറ്റർമാരുടെ യോഗത്തിൽ ഫെറോന പങ്കാളിത്തം ഉണ്ടായി. കൂട്ടായ്മയും പങ്കാളിത്തവും പ്രേഷിതത്വവും സിനഡാത്മകതയുടെ പശ്ചാത്തലത്തിൽ പ്രാവർത്തികമാക്കാനുള്ള നിർദ്ദേശം ലഭിച്ചു.

ഫെറോന കോർഡിനേറ്റർമാരുടെ യോഗം (28 ജൂലൈ) നടക്കും. ഫെറോനയിൽ യൂണിറ്റു പ്രവർത്തനങ്ങൾ 80 ശതമാനവും സജീവമായി. 10 ഇടവകകളിൽ മാത്രമേ ലീഡേഴ്സ് യോഗം നടന്നുള്ളൂ. ഫെറോന റിസോഴ്സ് ടീമ മുടങ്ങിക്കിടന്നിരുന്നത് പുതുക്കി ശക്തീകരണത്തിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. പാളയം ഇടവക വൈദികർ യൂണിറ്റുകൾ സന്ദർശിച്ച് യോഗങ്ങളിൽ സംബന്ധിക്കുന്നത് സജ്ജീവമായി യൂണിറ്റുകൾ കൂടാൻ സഹായിച്ചു. വെള്ളയമ്പലം ഇടവകയിൽ ബി.സി.സി. പ്രവർത്തനങ്ങളിൽ യുവജനങ്ങളുടെ സേവനം വേണ്ട വിധം ലഭ്യമാകുന്നുണ്ട്. എല്ലാ ശുശ്രൂഷാ സമിതികളെയും സജീവമാക്കാനും വേണ്ട സഹായം നൽകാനും കോർഡിനേറ്റർമാരുടെ അടിയന്തിര ശ്രദ്ധ ലഭിക്കാൻ

തുടങ്ങുന്നതായി കാണുന്നു, അഭിനന്ദനങ്ങൾ.

എല്ലാ ഫെറോനയിലും ഒരിടവക ബി.സി.സി. പ്രവർത്തനങ്ങളുടെ ശക്തീകരണത്തിനു മോഡലാക്കാൻ രൂപതാ നിർദ്ദേശം അനുസരിച്ച് മണക്കാട് സഹായമാതാ ഇടവക തെരഞ്ഞെടുത്തു. എല്ലാ ഇടവകകളിലും ഒരു യൂണിറ്റ് മോഡൽ ആക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**പേട്ട ഫെറോന**

പേട്ട ഫെറോന കൗൺസിൽ ജനറൽ ബോഡി 12.07.2022 ൽ ശ്രീകാര്യം സെന്റ് ക്രിസ്റ്റഫർ ദൈവാലയ ഹാളിൽ വച്ച് വൈകുന്നേരം 4 മണിക്ക് തിരുവനന്തപുരം അതിരൂപതാ മെത്രാന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഫെറോന വികാരി റവ. ഫാ. റോബിൻസൺ എല്ലാവരെയും സ്വാഗതം ചെയ്തു. അതിരൂപതാ ശുശ്രൂഷ കോർഡിനേറ്റർ, റവ. ഫാ. ലോറൻസ് കുലാസ് ചർച്ച നയിച്ചു. ഫെറോനയിലെ എല്ലാ ഇടവകകളിൽ നിന്നും വൈദികരും സിസ്റ്റർ പ്രതിനിധികളും ബി.സി.സി. ശുശ്രൂഷാ ലീഡേഴ്സും യുവജനങ്ങളും രൂപതാ ആനിമേറ്റർമാരും യോഗത്തിൽ പങ്കെടുത്തു.

സിനഡാത്മക പശ്ചാത്തലത്തിൽ ദൈവജനത്തെ കേൾക്കുന്നതിനും ഫെറോനാ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനായി ചെയ്യേണ്ട കാര്യങ്ങളും ആമുഖത്തിൽത്തന്നെ ആർച്ച് ബിഷപ്പ് വ്യക്തമാക്കി. പേട്ട ഫെറോന വിശ്വാസ-വിദ്യാഭ്യാസ-ബൗദ്ധിക-ഉദ്യോഗ-സാമ്പത്തികതലങ്ങളിൽ മെച്ചപ്പെട്ടവരാണെന്നും ഈ കഴിവുകൾ അതിരൂപതയ്ക്ക് എങ്ങനെ പ്രയോജനമാക്കാമെന്നും അതിനായി സേവന മനോഭാവമുള്ളവർ മുന്നോട്ടു വരണമെന്നും ആർച്ച് ബിഷപ്പ് ആവശ്യപ്പെട്ടു.

പേട്ട ഫെറോനയിലെ സിനഡാത്മക സംഗമങ്ങളുടെ റിപ്പോർട്ട് ഫെറോന കൺവീനർ കവിത ജേക്കബ് അവതരിപ്പിച്ചു. പുതിയൊരു നേതൃത്വം അതിരൂപതയിൽ വന്നതിന്റേയും സിനഡിന്റെ പശ്ചാത്തലത്തിലും കോവിഡാനന്തര കാലഘട്ടത്തിൽ ഫെറോന പ്രവർത്തനങ്ങൾ എത്ര കണ്ട് ഊർജ്ജിതമാക്കണം എന്നീ വിഷയങ്ങൾ ആർച്ച് ബിഷപ്പ് ചോദിക്കുകയും ബി.സി.സി. ശുശ്രൂഷാ സമിതികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച ചെയ്ത് റിപ്പോർട്ടുകൾ നൽകുകയും ചെയ്തു. വളരെ നല്ല ആശയങ്ങൾ അവതരിപ്പിച്ചതിൽ നിന്നും പുതിയ കർമ്മപരിപാടികൾക്ക് രൂപം നൽകി ഒരു മോഡൽ ആകണം പേട്ട ഫെറോന എന്ന് മെത്രാപ്പൊലീത്ത ആവ

ശ്യപ്പെട്ടു. കഴിവും, ശുശ്രൂഷാ മനോഭാവവുമുള്ള അല്മായരെ ആദരിക്കുക, അംഗീകരിക്കുക, ഉപയോഗപ്പെടുത്തുക, യുവജനങ്ങളെ ദൈവാലയത്തോടു ചേർത്തുനിർത്തുക, അവരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക, അവരെ ഭാവി സഭയുടെ മുതൽക്കൂട്ടുകളാക്കുക ഇവയെല്ലാമാണ് മെത്രാപ്പൊലീത്ത തന്റെ സമാപന സന്ദേശമായി നൽകിയത്.

**ഫാ. ഡാനിയേൽ**
**ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി**

## അജപാലന ശുശ്രൂഷ

**ബൈബിൾ, തിയോളജി ഡിപ്ലോമ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവരുടെ സംഗമം**

2015 മുതൽ അതിരൂപതയിൽ നടത്തിവരുന്ന ബൈബിൾ , തിയോളജി ഡിപ്ലോമ കോഴ്സിൽ വിജയകരമായി പഠനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവരുടെ സംഗമം വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ ജൂലൈ പതിനാറാം തീയതി കൂടുകയുണ്ടായി. 100 ലേറെ പേർ സംഗമത്തിൽ പങ്കെടുത്തു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഡാർവിൻ ഫെർണാണ്ടസ് ആമുഖ സന്ദേശം നല്കയും അതിരൂപത Training കോഡിനേറ്റർ ഫാ. ജെയിംസ് കുലാസ് Resource remaping എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നല്കുകയും ചെയ്തു. സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയതുകൊണ്ട് മാത്രം കാര്യമില്ലായെന്നും, ലഭിച്ച അറിവ് മറ്റുള്ളവർക്ക് പകർന്നു നൽകുമ്പോഴാണ് ഡിപ്ലോമ സർട്ടിഫിക്കറ്റ് ഗുണകരമാകുന്നതെന്ന് അച്ചൻ അഭിപ്രായപ്പെട്ടു. പങ്കെടുത്തവരിൽ നിന്നും 10 പേരടങ്ങുന്ന ഒരു റിസോഴ്സ് ടീമിന് രൂപം നല്കുകയും അജപാലന ശുശ്രൂഷ ഡയറക്ടർ ഫാ. ഡാർവിൻ പീറ്റർ സമാപനസന്ദേശം നല്കുകയും ചെയ്തു. ഈ സംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും ശ്രീ. നിക്സൺ ലോപ്പസ് സ്വാഗതവും ശ്രീമാൻ ഇഗ്നേഷ്യസ് ലയോള നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

**ബൈബിൾ കമ്മിഷൻ**

**A. പ്രവർത്തന റിപ്പോർട്ട്**

**1) സദ്ബോധന ബൈബിൾ സ്ക്കൂൾ (VI Batch)**

സമന്വയ

സദ്ബോധന ബൈബിൾ സ്ക്കൂൾ ആറാം ബാച്ചിലേക്കുള്ള ക്ലാസ്സുകൾ 23.07.2022 ശനിയാഴ്ച വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് സംഘടിപ്പിച്ചു. റവ. ഫാ. ഡാർവിൻ ഫെർണാണ്ടസ് അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നല്കി.

**2) ലോഗോസ് ക്വിസ് 2022**

ലോഗോസ് ക്വിസ് 2022 രജിസ്ട്രേഷൻ ജൂലൈ 30 ന് സമാപിക്കും.

## B. അറിയിപ്പ്

**1) ലോഗോസ് ക്വിസ് ആപ്പ് 2022**

ലോഗോസ് ബൈബിൾ ക്വിസ് 2022 ന് ഒരുങ്ങാൻ അതിരൂപത അജപാലനശുശ്രൂഷയും മീഡിയ കമ്മിഷനും സംയുക്തമായി തയ്യാറാക്കിയ Logos App 2022 google play store- -ൽ Latin Archdiocese of Trivandrum Logos Quiz 2022 എന്ന ലിങ്കിൽ നിന്നും ആഗസ്റ്റ് പകുതിയോടുകൂടി download ചെയ്യാൻ കഴിയും.

**2) ലോഗോസ് ക്വിസ് പഠന സഹായി**

ലോഗോസ് ക്വിസ് പരീക്ഷക്ക് തയ്യാറെടുക്കുന്നവർക്കായുള്ള പഠനസഹായി വെള്ളയമ്പലം ബുക്ക് സ്റ്റാളിലും അജപാലനശുശ്രൂഷാ ഓഫീസിലും ലഭ്യമാണ്. വില 85/- രൂപ

**ക്രിസ്തീയവിശ്വാസജീവിതപരിശീലന കമ്മിഷൻ**

## A. പ്രവർത്തന റിപ്പോർട്ട്

**അടിസ്ഥാന പരിശീലനം (Basic Training )**

അടിസ്ഥാന പരിശീലന ക്ലാസ് ജൂലൈ ഒമ്പതാം തീയതി രണ്ട് സെന്ററുകളിലായി (വെള്ളയമ്പലം പാരിഷ് ഹാൾ, ടി. എസ്. എസ്. എസ്. ഹാൾ) വച്ച് നടത്തുകയുണ്ടായി. 9 ഫെറോനകളിൽ നിന്നുമായി 375 അധ്യാപകർ പങ്കെടുത്തു. അതിരൂപത ചാൻസലർ മോൺസിഞ്ഞോർ സി. ജോസഫ് ഉത്ഘാടനം ചെയ്തു. "ദിവ്യബലിയെക്കുറിച്ചുള്ള ആമുഖം" എന്ന വിഷയത്തെ ആസ്പദമാക്കി ഡയറക്ടർ ഫാ. ഡാർവിൻ പീറ്ററും, "ആരാണ് മതബോധന അധ്യാപകർ?" എന്ന വിഷയത്തെ ആസ്പദമാക്കി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഡാർവിൻ ഫെർണാണ്ടസും, "കൂദാശകളെക്കുറിച്ചുള്ള ആമുഖം" എന്ന വിഷയത്തെ ആസ്പദമാക്കി ഫാ. ജൂലിയസ് സാവിയോയും, "അധ്യാപന കുറിപ്പ് തയ്യാറാക്കൽ" എന്ന വിഷ

യത്തെ ആസ്പദമാക്കി ശ്രീമതി സുശീല ലോപ്പസും, “പുതിയ മതബോധന ഡയറക്ടറി” എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീമതി കവിത ജേക്കബ് ക്ലാസ്സുകൾ നല്കി.

**B. അറിയിപ്പ്**

**മതബോധന ഡയറി - 2022**

മതബോധന ഡയറി അജപാലന ശുശ്രൂഷ കാര്യാലയത്തിൽ നിന്നും വാങ്ങേണ്ടതാണ്. കെ.ജി., ടീച്ചിംഗ് നോട്ട് - അധ്യാപകർ, വിദ്യാർത്ഥികളുടെ ഹാജർ പുസ്തകം, മാർക്ക് രജിസ്റ്റർ, അഡ്മിഷൻ രജിസ്റ്റർ എന്നിവയും ലഭ്യമാണ്.

**ആരാധനക്രമ കമ്മിഷൻ**

**B. പ്രവർത്തനം**

**അൾത്താര ബാലകർക്കുള്ള ബോധവൽക്കരണ ക്ലാസ്**

അഞ്ചുതെങ്ങ് ഫൊറോനയിലെ അൽത്താര ബാലകർക്കുള്ള ക്ലാസ്സ് ജൂലൈ പതിനേഴാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് രണ്ടു മുതൽ നാലു വരെ അഞ്ചുതെങ്ങ് ഫൊറോന സെന്ററിൽ വച്ച് നടത്തുകയുണ്ടായി. അഞ്ചുതെങ്ങ് ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നുമായി 97 അൾത്താര ബാലപാലകർ പങ്കെടുത്തു. ദിവ്യബലിയെകുറിച്ചും മറ്റു ആരാധന ക്രമങ്ങളെകുറിച്ചും അഥവാ ശുശ്രൂഷ ഡയറക്ടർ ഫാ. ഡാർവിൻ പീറ്റർ ക്ലാസെടുക്കുകയുണ്ടായി. ഫെറോന ഡയറക്ടർ ഫാ. ജോസഫ് പ്രസാദ് അൾത്താര ബാലകരെ അവസരബോധം ചെയ്തുകൊണ്ട് സംസാരിക്കുകയുണ്ടായി.

**ദൈവശാസ്ത്രം**

**A. പ്രവർത്തനം**

**“ദിവ്യബോധന” ദൈവശാസ്ത്രപഠന കോഴ്സ്**

“ദിവ്യബോധന” ദൈവശാസ്ത്ര പഠന കോഴ്സ് ജൂൺ മാസം 23-ാം തിയതി ശനിയാഴ്ച വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. ലത്തീൻ കനോൻ നിയമ സംഹിത എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസിന് ഫാ. എഡിസൺ വൈ. നേതൃത്വം നല്കി.

**കരിസ്മാറ്റിക് മുന്നേറ്റം**

**പ്രവർത്തനം**

- ജൂൺ 22-ാം തിയതി തൂത്തൂർ സബ്സോണിലും, ജൂൺ 26-ാം തിയതി കോവളം സബ്സോണിലും പുനസംഘടന നടന്നു. 9 പേർ അടങ്ങുന്ന പുതിയ നേതൃത്വം രണ്ട് സബ്സോണിലും നിലവിൽ വന്നു.
- ജൂൺ 25-ാം തിയതി എല്ലാമാസത്തിന്റെയും അവസാനത്തെ ശനിയാഴ്ച നടത്താറുള്ള ഏകദിന സെമിനാർ സെന്റ് ജോസഫ് സ്ക്കൂളിൽ വച്ച് നടന്നു.
- ജൂലൈ 9,10 തിയതികളിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് പത്ത് സബ്സോണുകളിൽനിന്നും തിരഞ്ഞെടുത്ത പുതിയ നേതൃത്വത്തിന് കെ.സി.എസ്.സി. കോർഡിനേറ്റർ ബഹുമാനപ്പെട്ട താമരവെളി അച്ചന്റെ നേതൃത്വത്തിൽ സെൻട്രൽ ടീം അംഗങ്ങൾക്ക് ഫോർമേഷൻ നല്കി.
- ജൂലൈ 2-ാം തിയതി പുതുക്കുറിച്ചി സെന്റ് മൈക്കിൾ ദേവാലയത്തിൽ വച്ച് രാത്രി 9 മണി മുതൽ രാവിലെ 5 മണിവരെ രാത്രി ആരാധന നടന്നു. ബഹുമാനപ്പെട്ട രാജശേഖരൻ അച്ചനും പുതുക്കുറിച്ചി സബ്സോൺ സർവ്വീസ് ടീം അംഗങ്ങളും നേതൃത്വം നല്കി.

**ഫാ. ഡാർവിൻ പീറ്റർ**
**ഡയറക്ടർ**

## കുടുംബപ്രേഷിത ശുശ്രൂഷ

**സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സ്**

തിരുവനന്തപുരം അതിരൂപതയിൽ കുടുംബശുശ്രൂഷയുടെ കീഴിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന ആറുമാസം നീണ്ടുനിൽക്കുന്ന സർട്ടിഫിക്കറ്റ് ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിന്റെ ഒൻപതാം ബാച്ചിന്റെ അഡ്മിഷൻ നടന്നു വരുന്നു

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 25 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ കുടുംബപ്രേഷിത ശുശ്രൂഷ ഓഫീസിൽ പ്രവർത്തിച്ചു വരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കി ക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**പരിശീലനവും സന്ദർശനവും**

നമ്മുടെ അതിരൂപതയിലെ മക്കളില്ലാത്ത ദമ്പതികളുടെ അജപാലനം മുന്നിൽ കണ്ടുകൊണ്ട് മക്കളില്ലാത്ത ദമ്പതികളുടെ ലിസ്റ്റ് ഇടവകകളിൽ നിന്നും ശേഖരിക്കുകയുണ്ടായി. ലഭിച്ച ലിസ്റ്റ് പ്രകാരം കുടുംബശുശ്രൂഷയുടെ രൂപതാതലത്തിൽ നിന്നും ഈ ദമ്പതികളെ സന്ദർശിക്കുന്നവർക്കുവേണ്ട പരിശീലനം ജൂലൈ മാസം 2-ാം തീയതി സെന്റ് ജിയന്നഹാളിൽവച്ച് നടക്കുകയുണ്ടായി. 52 പേർ പങ്കെടുത്ത ക്ലാസ്സിൽ കുടുംബ ശുശ്രൂഷ ഡയറക്ടർ റവ. ഫാ. ക്രിസ്റ്റൽ റൊസാരിയോ ക്ലാസ്സെടുത്തു. ശ്രീ. ഓസ്റ്റിൻ&നിഷ ദമ്പതികൾ അവരുടെ ജീവിതാനുഭവം പങ്കുവച്ചു.

വിവാഹിതരായി 7 വർഷമായിട്ടും മക്കളില്ലാത്ത ദമ്പതികളെയാണ് സന്ദർശിക്കുന്നത്. വോളന്റിയേഴ്സും ആനിമേ റ്റേഴ്സുമാണ് ഇവരെ സന്ദർശിക്കുന്നത്.

**സാന്ത്വനം മംഗല്യം**

ഇതുവരെയായി 486 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 441 അപേക്ഷകൾക്ക് സഹായം നൽകുവാൻ സാധിച്ചു. സാന്ത്വനം മംഗ ല്യത്തിനായി ഈ മാസം 14 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേ ഷണ വിധേയമാക്കിയതിനു ശേഷം 5 യുവതികൾക്ക് ധനസഹായം നൽകുവാൻ സാധിച്ചു.

**കരുണാമയൻ**

ആരും തനിച്ചല്ല എന്ന പ്രോജക്ടുവഴി 65 വ്യക്തികൾക്ക് ഫെറോന ആനിമേറ്റേഴ്സ് ഭവനങ്ങളിൽ സന്ദർശിക്കുകയും ധനസ ഹായവും നൽകുകയും ചെയ്തു.

**ഓഖി കരുണാമയൻ**

ഓഖിയിൽപ്പെട്ട് തിരിച്ചെത്തിയിട്ടും ജോലിക്ക് പോകാൻ

സാധിക്കാത്ത 120 പേർക്ക് ഫെറോന ആനിമേറ്റേഴ്സ് ഭവനങ്ങളിൽ സന്ദർശിക്കുകയും ധനസഹായവും നൽകുകയും ചെയ്തു.

**ഫെറോന തല പ്രവർത്തനങ്ങൾ**

**പാളയം ഫെറോന**

അതിരൂപതയിലെ സംയുക്ത ആനിമേറ്റർമമാരുടെ യോഗത്തിൽ ഫെറോന പങ്കാളിയായി. അതിരൂപതയിൽ നിന്ന് സിനഡാത്മക സഭയാകാനുള്ള ആഹ്വാനം നൽകി. സ്വയമായും സ്വന്തം കുടംബത്തിലും നിഷ്കപടമായ തുറവിയിലേക്ക് നീങ്ങാൻ ഫെറോനയിലെ ബന്ധപ്പെടാർ കിട്ടുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നു. തുടർന്ന് അയൽപക്കങ്ങളിലും യൂണിറ്റുകളിലും ഇടവകയിലും എന്ന സമീപനം വ്യക്തമാക്കാൻ ശ്രമിക്കുന്നു.

ഫെറോന കൺവീനർമാരുടെ ഇടപെടൽ അതാതു ഇടവകകളിലെ കുടുംബങ്ങളെ ദിവ്യബലിയിലും കൂദാശകളുടെ സ്വീകരണത്തിലൂടെയും വളരാൻ വേണ്ട പരിപാടികൾ, ദമ്പതീസംഗമം, ഏകസ്തരുടെ സംഗമം, കുടുംബസംഗമം, എന്നിവ ഫലപ്രദമായി ഏതാനും ഇടവകകളിൽ നടന്നു.

ബി.സി.സി. യൂണീറ്റുകളിലും ഇടവക ലീഡേഴ്സ് യോഗത്തിലും കുടുംബശുശ്രൂഷാ പ്രതിനിധികൾ റിപ്പോർട്ട് അവതരിപ്പിക്കുന്നത് പുനഃരാരംഭിക്കാൻ തീരുമാനിച്ചു. ഫെറോനയിലെ രണ്ടു ഇടവക ഒഴികെ എല്ലാ ഇടവകകളിലും മുത്തശ്ശീ മുത്തച്ഛന്മാരെ ആദരിക്കുന്ന ആഘോഷമായ ദിവ്യബലിയും ആമുഖവും വിശ്വാസികളുടെ പ്രാർത്ഥനയും വളരെ വ്യത്യസ്തമായ ആദരിക്കലും വളരെ നന്നായി പ്ലാൻ ചെയ്തു നടപ്പിലാക്കുന്നു.

ധാരാളം കാരുണ്യപ്രവൃത്തികൾ യൂണീറ്റു തലങ്ങളിലും ഇടവകകളിലും നടക്കുന്നുണ്ട്. അതിനായി ഇടവകയിൽ അംഗമല്ലാത്ത ഇതരസമുദായക്കാരെയും പരിഗണിക്കുന്നുണ്ട്.

**പേട്ട ഫെറോന**

പേട്ട ഫെറോനയുടെ കുടുംബപ്രേഷിത ശുശ്രൂഷാ സമിതിയുടെ യോഗം ജൂൺ മാസത്തിൽ ഗൂഗിൾ മിറ്റിംഗ് ഫെറോന

സമിതി കൺവീനർ ശ്രീമതി അൽഫോൺസയുടെ നേതൃത്വത്തിൽ കൂടുകയുണ്ടായി. മക്കളില്ലാത്ത ദമ്പതികളുടെ വിവരശേഖരണം നടത്തി. ഫെറോനയിലെ ഗുരുതര രോഗം ബാധിച്ച രണ്ടുപേർക്ക് ധനസഹായം നൽകാൻ അഭ്യർത്ഥിച്ചു. അതിൽ മക്കളില്ലാത്ത ദമ്പതിമാരിൽ ഒരാളെ പേട്ട ഇടവക കുടുംബശുശ്രൂഷ കൺവീനർ ശ്രീ. ജെസൽ റോഡ്രിക്സ് സഹായം വാഗ്ദാനം ചെയ്തു. ക്യാൻസർ ബാധിതനായ രോഗിക്ക് മറ്റ് കൺവീനേഴ്സ് സഹായധനം വാഗ്ദാനം ചെയ്തു. ഈ മാസം ആ രോഗിയെ നേരിൽ കണ്ടു തുക നൽകുകയും സാന്ത്വനിപ്പിക്കുകയും ചെയ്യാമെന്ന് തീരുമാനമെടുത്തിരുന്നു. പുല്ലുകാടുള്ള ക്യാൻസർ പേഷ്യന്റിനു രൂപതയിൽ നിന്നുള്ള ധനസഹായം അഭ്യർത്ഥിച്ചുകൊണ്ടു കത്ത് അതിരൂപതാ കുടുംബപ്രേഷിതസമിതിയെ ഏൽപിക്കുകയും അതിന്മേൽ സഹായം നൽകിയതിനും നന്ദിപറയുന്നു.

**കഴക്കൂട്ടം ഫെറോന**

കുടുംബപ്രേഷിത ശുശ്രൂഷ സമിതി കൺവീനർമാരുടെ യോഗം ഈ മാസം 3-ാം തീയതി ശനിയാഴ്ച ഫെറോന ഡയറക്ടർ ഫാ. ജൂലിയസ് സാവിയോയുടെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. ഫെറോനയിലെ വിധവാസംഗമം വിപുലമായ രീതിയിൽ ജൂലൈ 30 ന് നടത്താനും ഫെറോനയിലെ മക്കളില്ലാത്ത ദമ്പതികളുടെ വിവര ശേഖരണം നടത്താനും തീരുമാനിച്ചു. ഫെറോനയിലെ മിക്ക ഇടവകകളുടെയും പ്രാതിനിധ്യം യോഗത്തിൽ ഉണ്ടായിരുന്നു. ആനിമേറ്റർ യോഗക്രമീകരണങ്ങൾക്ക് നേതൃത്വം കൊടുത്തു. സിസ്റ്റർ പ്രതിനിധിയും യോഗത്തിൽ പങ്കെടുത്തു.

**പുല്ലുവിള ഫെറോന**

ജൂൺ മാസം 25 ന് പരുത്തിയൂർ ഇടവകയിലെ 85 പേർക്ക് കുടുംബവിശുദ്ധീകരണ ത്തെക്കുറിച്ച് സഹവികാരി ജോൺ ജേക്കബ് അച്ചൻ ക്ലാസ്സു നൽകി. ജൂൺ 26 ന് കുടുംബവർഷാചരണ സമാപനത്തോടനുബന്ധിച്ച് പ്രത്യേകം ദിവ്യബലി അർപ്പിക്കുകയും ദിവ്യബലിയിൽ കുടുംബങ്ങളെ ആദരിക്കുയും ചെയ്തു.

ജൂലൈ 19 ന് കരുംകുളം ഇടവകയിലെ വയോധികർക്കായി പ്രത്യേക ദിവ്യബലിയർപ്പിച്ചു. പ്രാർത്ഥിച്ചു. കൂടാതെ പൊതിച്ചോറു നൽകുകയും അവരോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്തു.



ജൂലൈ 2 ന് മക്കളില്ലാത്ത ദമ്പതികളെ സന്ദർശിക്കുന്നതിന് ഒരുക്കമായി അതിരൂപതാ തലത്തിൽ സംഘടിപ്പിച്ച ക്ലാസ്സിന് 12 പേരെ ഫെറോനയിൽ നിന്നും പങ്കെടുപ്പിക്കാൻ സാധിച്ചു. തുടർന്ന് ഈ മാസം 16, 21 തീയതികളിൽ പുതിയതുറ, കൊച്ചുതുറ, കൊല്ലംകോട് എന്നീ ഇടവകകളിലെ മക്കളില്ലാത്ത 28 ദമ്പതികളെ സന്ദർശിക്കുവാൻ സാധിച്ചു. അതിരൂപതാ കുടുംബശുശ്രൂഷ സ്റ്റാഫ് അംഗങ്ങളും വോളന്റിയേഴ്സും ഇതിൽ സഹകരിച്ചു.

ജൂലൈ 25, 30 തീയതികളിൽ പരുത്തിയൂർ, അടിമലത്തുറ, ചൊവ്വര എന്നീ ഇടവകകളിലെ മക്കളില്ലാത്ത ദമ്പതികളെ സന്ദർശിക്കുവാൻ തീരുമാനിച്ചു.

ഈ മാസത്തെ ഫെറോനതലയോഗം 24 ന് കൊല്ലംകോട് ഇടവകയിൽ വച്ച് കൂടുന്നതാണ്.

**തൂത്തൂർ ഫെറോന**

ഫെറോന എക്സിക്യുട്ടീവ് മീറ്റിംഗ് കൂടുകയുണ്ടായി. കുടുംബവർഷാചരണ സമാപനം 23-26 വരെയുള്ള തീയതികളിൽ നടത്താൻ തീരുമാനിച്ചു. അതനുസരിച്ച് ഓരോ ഇടവകകളിലും ധ്യാനം, ക്ലാസ്സുകൾ, ദിവ്യകാരുണ്യാരാധന, ജൂബിലി ദമ്പതികളെ ആദരിക്കൽ, ആഘോഷമായ ദിവ്യബലി എന്നിവ നടത്തി.

പകൽവീട് എന്ന പദ്ധതിയുടെ ഭാഗമായി മാർത്താണ്ഡംതുറ ഇടവകയിൽ വാർഡ് തലത്തിൽ വയോധികർക്കായി കലാപരിപാടികളും കളികളും സംഘടിപ്പിച്ചു.

മാർത്താണ്ഡം തുറ ഇടവകയിൽ രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് 1 മണിവരെ കൗൺസിലിംഗ് നൽകിവരുന്നു.

കുടുംബസന്ദർശനം, രോഗികളായവരെയും പ്രശ്നങ്ങൾ നേരിടുന്നവരുടെയും ഭവനങ്ങൾ സിസ്റ്റർ ആനിമേറ്റർമാർ, എക്സിക്യുട്ടീവ് അംഗങ്ങൾ, കൗൺസിലർ എന്നിവരുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

എല്ലാ മാസത്തിന്റെയും രണ്ടാമത്തെ വെള്ളി, ശനി ദിവസങ്ങളിൽ തൂത്തൂർ ഫെറോന സെന്ററിൽ വച്ച് വിവാഹ ഒരുക്കസെമിനാർ നടത്തിവരുന്നു.

**വിവാഹ ഒരുക്കസെമിനാർ**

2022 ജൂൺ 23, 24 തീയതികളിൽ കൊച്ചുപള്ളി മെഡോണ സെന്ററിൽ വച്ച് നടന്ന കോഴ്സിൽ 65 പേരും 2022 ജൂലൈ 11, 12 തീയതികളിൽ നടന്ന ക്ലാസ്സിൽ 68 പേരും പങ്കെടുത്തു. ഇവരെ ഗ്രൂപ്പു കളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

വിവാഹ ഒരുക്കസെമിനാർ 2022 ഓഗസ്റ്റ് 8, 9 തീയതികളിൽ കഴക്കൂട്ടം അനുഗ്രഹഭവനിലും

2022 ഓഗസ്റ്റ്റ് 26, 27 തീയതികളിൽ കൊച്ചുപള്ളി മെഡോണ സെന്ററിലും നടത്തപ്പെടുന്നു.

**മാര്യേജ് ബ്യൂറോ**

വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി നടക്കുന്നു. ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ തിരുവനന്തപുരം അതിരൂപതയിൽ നിന്നു മാത്രമായി 11 വ്യക്തികളുടെ പേര് രജി സ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാ വുന്നതാണ്. മാര്യേജ് ബ്യൂറോ കെ.ആർ.എൽ.സി.സി. തലത്തിലേക്ക് വ്യാപിപ്പിച്ചിരിക്കുന്നു. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.latinmatrimonial.com.

**ഫാ. ക്രിസ്റ്റൽ റൊസാരിയോ**
**ഡയറക്ടർ**

## യുവജന ശുശ്രൂഷ

1) യുവജന കൂായ്മ ശക്തിപ്പെടുത്താൻ ജൂലൈ 10 ഞായറാഴ്ച ഇടവക തലങ്ങളിലും, ജൂലൈ 17 ഫെറോന തലങ്ങളിലും യുവ ജനദിനം വിവിധങ്ങളായ രീതിയിൽ ആഘോഷിച്ചു.
2) ജൂലൈ 24 – ന്, തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ TSSS Hall ൽ വച്ച് അർദ്ധവാർഷിക സെനറ്റ് സംഘടിപ്പിക്കുക യും, അതോടൊപ്പം 2021 ലെ കലാമത്സര വിജയികൾക്കുള്ള സമ്മാനദാനം നടത്തുകയും ചെയ്തു.

3) കെ.സി.വൈ.എം അംഗത്വ മാസാചരണത്തിന്റെ ഭാഗമായി ജൂൺ 20 മുതൽ ജൂലൈ 20 വരെ അംഗത്വം ചേർക്കലും / പുതുക്കലും നടത്തുന്നു. അതോടൊപ്പം കെ.സി.വൈ.എം. യൂണിറ്റു പ്രവർത്ത കരും, പുതുതായി അംഗത്വം സ്വീകരിക്കുവാൻ ആഗ്രഹിക്കുന്ന അംഗങ്ങളും, നിലവിലെ അംഗത്വം പുതുക്കാൻ ആഗ്രഹിക്കു ന്നവരും കെ.സി.വൈ.എം. ഓഫീസിൽ നിന്നും അംഗത്വം സ്വീക രിക്കേണ്ടതാകുന്നു.
4) ഇടവകകളുടെയും ഫെറോനകളുടെയും പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അതിരൂപതയുടെ മികച്ച യൂണിറ്റ്, മികച്ച ഫെറോന, ഓരോ ഫെറോനയുടെ മികച്ച യൂണിറ്റ് എന്നീ അവാർഡിന് അർഹരാകുവാൻ വേണ്ടിയുള്ള എല്ലാ ഫെറോന റിപ്പോർട്ടും, യൂണിറ്റ് റിപ്പോർട്ടും ഫെറോന സമിതി തിരഞ്ഞെടുക്കുന്ന മികച്ച 2 യൂണിറ്റ് റിപ്പോർട്ടും രൂപതാ സമി തിയെ ഏൽപ്പിച്ചു.
5) വിനാശം വിതറുന്ന വിഴിഞ്ഞം പദ്ധതിക്കെതിരെ മത്സ്യത്തൊ ഴിലാളികളും കർഷക സംയുക്ത സമിതിയും കെ.സി.വൈ.എം സമിതിയും ചേർന്ന് 2022 ജൂലൈ 1-ാം തീയതി വെള്ളിയാഴ്ച ഐക്യ ദാർഢ്യം പ്രഖ്യാപിച്ചു.
6) കഴിഞ്ഞ കുറെ നാളുകളായി തീരശോഷണം സംബന്ധിച്ചും വീടുകൾ നഷ്ടപ്പെട്ട ക്യാമ്പുകളിൽ മനുഷ്യോചിതമല്ലാത്ത സാഹചര്യങ്ങളിൽ കഴിയുന്ന കുടുംബങ്ങളുടെ പുനരധിവാസം സംബന്ധിച്ചും സർക്കാരുമായി അതിരൂപത ചർച്ചകൾ നടത്തി വരുകയായിരുന്നു. ഈ വർഷക്കാലത്തും കൊല്ലങ്കോട്-പരുത്തി യൂർ മുതൽ അഞ്ചുതെങ്ങ് -മാമ്പള്ളിവരെ കടൽക്ഷോഭത്തിൽ ധാരാളം വീടുകൾ നശിച്ചു. അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന മണ്ണെണ്ണ വില വർദ്ധന മത്സ്യത്തൊഴിലാളികളുടെ തൊഴിലും ഉപജീവനവും നഷ്ടമാക്കുന്നു. ഈ ഗൗരവമേറിയ പ്രശ്ന ങ്ങൾക്കെതിരെ ജൂലൈ മാസം 20-ാം തീയതി രക്തസാക്ഷി മണ്ഡപത്തിൽ നിന്ന് സെക്രട്ടറിയേറ്റ് പടിക്കലേക്ക് വൈദീക രുടെ നേതൃത്വത്തിൽ കെ.സി.വൈ.എം സംഘടനയും മാർച്ചും ധർണ്ണയും സംഘടിപ്പിച്ചു.

**ഫാ. സന്തോഷ് കുമാർ**
**ഡയറക്ടർ**

# വിദ്യാഭ്യാസശുശ്രൂഷ

**കോവളം ഫെറോന**

കോവളം ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതിയോഗം 9.7.22 ശനിയാഴ്ച വിദ്യാഭ്യാസ ശുശ്രൂഷ കോർഡിനേറ്റർ ഫാ. മെൽക്കോണിന്റെ അച്ചന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിൽ വവ്വാമൂല, പൂന്തുറ, കക്കാമ്മൂല, പാങ്കുളം, കാരയ്ക്കാമണ്ഡപം, ആഴാകുളം എന്നീ ഇടവക കൺവീന്നേഴ്സും എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു.

**യോഗതീരുമാനങ്ങളും നിർദ്ദേശങ്ങളും**

- വിദ്യാഭ്യാസ സർവ്വേ എല്ലാ ഇടവകയുടെയും ഒരുമിച്ച് ഫൈൽ ആക്കി വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഉപകരിക്കുന്ന തരത്തിൽ പ്രാവർത്തികമാക്കാൻ നിർദ്ദേശിച്ചു.
- എല്ലാ ഇടവകയിലെയും എസ്.എസ്.എൽ.സി., +2 പരീക്ഷ എഴുതിയ വിദ്യാർത്ഥികളിൽ, എത്ര കുട്ടികൾ വിജയിച്ചു; അവരിൽ എത്ര പേർക്ക് അഡ്മിഷൻ നേടാൻ കഴിഞ്ഞു എന്നുള്ളതിന്റെ ലിസ്റ്റ് തയ്യാറാക്കി.െ
- ഫെറോനതല വിദ്യാഭ്യാസ സമിതിയോഗം എല്ലാമാസവും 2–ാമത്തെ ഞായറഴ്ച ആക്കാൻ തീരുമാനിച്ചു.
- ഇടവകതലത്തിൽ എസ്.എസ്.എൽ.സി., +2 വിജയിച്ച എല്ലാ വിദ്യാത്ഥികളെയും ആദരിക്കൽ കോവളം ഫെറോന ഇടവകകൾ തീരുമനിച്ചു.

**എസ്.എസ്.എൽ.സി. കഴിഞ്ഞ വിദ്യാർത്ഥികൾക്ക് Familiarising Class**

പൂന്തുറ, വിഴിഞ്ഞം ഇടവകയിൽ എസ്.എസ്.എൽ.സി. വിജയിച്ച വിദ്യാർത്ഥികൾക്കായി അധ്യാപക ഫോറത്തിന്റെ സ്കൂൾ അധ്യാപകരുടെയും നേതൃത്വത്തിൽ മാതാപിതാക്കൾക്കും വിദ്യാർത്ഥികൾക്കുമായി ജൂൺ 25–ാം തീയതിയും ജൂലായ് 9–ാം തീയതിയും ക്ലാസ്സുകൾ നൽകി. വിഷയാടിസ്ഥാനത്തിൽ മികച്ച കോഴ്സുകൾ തിരഞ്ഞെടുത്ത് പഠിക്കുന്നതിനും മികച്ച ജോലി സാധ്യതകൾ ഉള്ള വിഷയങ്ങൾ തിരഞ്ഞെടുത്തു പഠിക്കുന്നതിനും വിവിധതരം കോഴ്സുകൾ പരിചയപ്പെടുത്തുന്നതിനും ഉപകാരമായി.

**ഫെറോനതല ജോയിന്റ് ആനിമേന്റേഴ്സ് യോഗം**

ഫെറോന തലത്തിൽ ഫെറോന വികാരി ഫാ. ലാസർ, സിസ്റ്റർ ആനിമേന്റേഴ്സ് വിവിധ ശുശ്രൂഷതല ആനിമേന്റേഴ്സിന്റെ

നേതൃത്വത്തിൽ 13.7.22-ൽ യോഗം നടന്നു. യോഗത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളും മറ്റ് പ്രവർത്തനങ്ങളെയും വിലയിരുത്തുകയും ഫെറോനതലത്തിൽ ആനിമേറ്റേഴ്സ് ചെയ്യേണ്ട പ്രവർത്തനങ്ങൾ നിർദ്ദേശിക്കുക ഉണ്ടായി.



എസ്.എസ്.എൽ.സി., +2 വിദ്യാർത്ഥികൾക്ക് ഫെറോനതലത്തിൽ എസ്.എസ്.എൽ.സി. സ്റ്റേറ്റ് സിലബസിൽ 9അ+, 1അ യും ലഭിച്ച വിദ്യാർത്ഥികൾക്കും മറ്റ് സിലബസുകളിൽ 90% മാർക്ക് ലഭച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ് ശേഖരിച്ചുകെണ്ടിരിക്കുകയാണ്.

**ടീച്ചേഴ്സ് ഫോറം യോഗം കൂടി**

പൂന്തുറ ഇടവകയിൽ വിദ്യാർത്ഥികളുടെ അക്ഷര വിദ്യാഭ്യാസ ക്ലാസ്സുമായി ബന്ധപ്പെട്ട് ടീച്ചേഴ്സ് ഫോറം യോഗം കൂടുകയും പ്രവർത്തനത്തിനാവശ്യമായ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

**വലിയതുറ ഫെറോന**

**സമിതിയോഗങ്ങൾ**

**സെന്റ് സേവ്യേഴ്സ് :** 16-ാം തീയതി രാവിലെ 8 മണിക്ക് ഇടവക വികാരി ഫാ. മാർട്ടിന്റെ അധ്യക്ഷതയിൽ കൂടുകയും തുടർപ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച ചെയ്തു തീരുമാനിക്കുകയും ചെയ്തു.

**തോപ്പ് :** 9-ാം തീയതി തോപ്പ് ഇടവകയിൽ വച്ച് സമിതിയോഗം കൂടുകയും തുടർ നടപടികളെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനമെടുത്തു.

**ചെറിയതുറ:** വിദ്യാഭ്യാസ സമിതിയോഗം കൂടുകയും തുടർ പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച ചെയ്തു തീരുമാനമെടുത്തു.

ഈവനിംഗ് സ്റ്റഡി നടത്തിയ വലിയതുറ, ചെറിയതുറ എന്നീ ഇടവകകളിൽ ഈവനിംഗ് സ്റ്റഡിയിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ ലിസ്റ്റിൽ വിജയിച്ച എല്ലാ കുട്ടികളുടെയും വിജയ ശതമാന ലിസ്റ്റ് കളക്ട് ചെയ്തു.

എസ്.എസ്.എൽ.സി., +2, സ്റ്റേറ്റ് സിലബസ് ഫുൾ എ+ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ സിലബസിൽ 90% മാർക്കിന് മുകളിൽ നേടിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് ശേഖരിക്കുന്നു.

**PSC Orientation Class**

16.6.22 ഞായറാഴ്ച രാവിലെ സെന്റ് സേവ്യേഴ്സ് ഇടവകയിൽ വച്ച് വിജ്ഞാന ശബ്ദം ഗ്രൂപ്പിന്റെ നേതൃത്വത്തിൽ PSC Orientation Class സംഘടിപ്പിച്ചു. പുതിയ കുട്ടികളെ ഗ്രൂപ്പിൽ ചേർത്തു. ഈ ക്ലാസ്സിൽ 10-ാം ക്ലാസ്സു മുതൽ പി.ജി. തലം വരെ

യുള്ള 32 വിദ്യാർത്ഥികൾ പങ്കെടുത്തു. ക്ലാസ് നയിച്ചത് ശ്രീ. ബോബി രാജ് സാർ ആയിരുന്നു.

2-ാം തീയതി ചെറിയതുറ ഇടവകയിൽ വച്ച് PSC Orientation Class വിജ്ഞാനശബ്ദം ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടത്തി. ഇതിൽ 38 വിദ്യാർത്ഥികൾ പങ്കെടുത്തു. ക്ലാസ് നയിച്ചത് ശ്രീ. ബേബി രാജ് സാർ ആണ്.

വലിയതുറ സ്കൂളിൽ അക്ഷരാഭ്യാസം അറിയാത്ത വിദ്യാർത്ഥികളുടെ ലിസ്റ്റ് ക്ലാസ് അടിസ്ഥാനത്തിൽ എടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ക്ലാസുകൾ വലിയതുറ ഇടവകയിൽ നടത്താൻ തീരുമാനിച്ചു.

**ടീച്ചേഴ്സ് ഫോറം:** വിദ്യാർത്ഥികളുടെ സമഗ്രവളർച്ച ലക്ഷ്യം വയ്ക്കുന്ന ടീച്ചേഴ്സ് ഫോറം മീറ്റിംഗ് വെട്ടുകാട് ഇടവകയിൽ വളരെ നല്ല രീതിയിൽ നടന്നു വരുന്നു.

**പാളയം ഫെറോന**

11.07.2022ന് ഫെറോന വൈദീക കോ-ഓർഡിനേറ്റർ റവ. ഫാ. ശാന്തപ്പന്റെ അദ്യക്ഷതയിൽ സമിതിയോഗം കൂടി ഫെറോന തല പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർമാസപ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ചെയ്തു.

2020-21 അധ്യായനവർഷം 10,12 ഡിഗ്രി പ്രൊഫഷണൽ കോഴ്സുകൾ എന്നിവയിൽ വിജയം നേടിയ 18 വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതവും സ്പെഷ്യൽ അച്ചീവ്മെന്റ് കരസ്ഥമാക്കിയ 3 വിദ്യാർത്ഥികൾക്ക് 2000/- രൂപ വീതവും നല്കി അനുമോദിക്കുകയുണ്ടായി.

ഫെറോനയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ വിദ്യാർത്ഥി-സ്ഥിതി വിവരപട്ടികയും 17 ഇടവകകളിൽ വിദ്യാഭ്യാസ സർവ്വേയും പൂർത്തിയാക്കി.

**ഇടവകതലം**

സ്കോളർഷിപ്പ് വിതരണം

**കാഞ്ഞിരംപാറ :** 8 മുതൽ 12-ാം ക്ലാസ്സ് വരെയുള്ള 6 വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതവും ബി.ടെക് വിദ്യാർത്ഥിക്ക് 2000 രൂപയും നൽകി.

**പുന്നയ്ക്കാമുഗൾ :** 10-ാം ക്ലാസ്സിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ 3 വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നല്കി. പൂഴിക്കുന്ന്, മണക്കാട് ഇടവകകൾ 10-ാം ക്ലസ്സിൽ എല്ലാവിഷയങ്ങൾക്കും

എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നല്കി. പൂഴിക്കുന്ന്, മണക്കാട് ഇടവകകൾ 10-ാം ക്ലാസ്സിൽ എല്ലാവിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു.

**പഠനോപകരണ വിതരണം**

വെള്ളയമ്പലം ഇടവകയില 32 വിദ്യാർത്ഥികൾക്ക് 369 നോട്ടുപുസ്തകങ്ങളും പേരൂർക്കട ഇടവകയിൽ 4 അക്രൈസ്തവ 55 ക്രൈസ്തവ വിദ്യാർത്ഥികൾ എന്നിവർക്കായി പുസ്തകം, സ്കൂൾബാഗ് തുടങ്ങിയവയും നന്ദൻകോട് ഇടവകയില 21 സ്കൂൾ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുവാനുള്ള ധനസഹായവും വിതരണം ചെയ്തു.

മണക്കാട് 'കരിയർ ഗൈഡൻസ്' ക്ലാസ്സ് നടത്തി. വിദ്യാർത്ഥികളും മാതാപിതാക്കളുമടക്കം 80 പേർ പങ്കെടുത്തു.

**കഴക്കൂട്ടം ഫെറോന**

26.6.2022ന് 3.30ന് ഫെറോന കൺവീനർമാരുടെയും എക്സിക്യൂട്ടീവ് അംഗങ്ങളുടെയും യോഗം നടത്തുകയുണ്ടായി. ഫെറോനതലത്തിൽ നടത്താവുന്ന പ്രോഗ്രാമുകളെപ്പറ്റി ചർച്ചചെയ്യുകയും 8,9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി 'കരിയർ ഗൈഡൻസ്' നടത്താൻ തീരുമാനിച്ചു. കൂടാതെ ഉന്നതവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ഇടവകകളിൽ നിന്നും തെരഞ്ഞെടുത്ത 7 വിദ്യാർത്ഥികൾക്ക് ധനസഹായം നല്കാനും തീരുമാനിച്ചു.

09.07.2022ൽ ഇടവക വിദ്യാഭ്യാസ സമിതിയോഗം നടത്തുകയുണ്ടായി. കൊറോണ കാരണം മുടങ്ങിയ സ്റ്റുഡൻസ് ഫോറം തുടങ്ങുന്നതിനും, 12-ാം ക്ലാസ്സിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികളെ അനുമോദിക്കാനും തീരുമാനിച്ചു. കൂടാതെ പ്ലാൻ ആന്റ് ബഡ്ജറ്റ് പ്രകാരം ഇടവകകളിൽ നടത്തേണ്ട പ്രോഗ്രാമുകൾ നടത്തുന്നതിനും തീരുമാനമായി.

**തൂത്തൂർ ഫെറേന**

തൂത്തൂർ ഫെറോനയിൽ 20-ാം തീയതി ഫെറോനാ സമിതിയോഗം കൂടി. PSC, Awareners ക്ലാസ്സുകൾ എന്നിവ നടത്താൻ തീരുമാനിച്ചു.

**സ്പോക്കൺ ഇംഗ്ലീഷ്**

വലിയതുറ, പൂന്തുറ എന്നീ ഇടവകകളിൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസു നടന്നു. 120, 340 എന്നീ ക്രമത്തിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. ഫാ. ജെയിൻ, ഫാ. ജോൺ ജേക്കബ്, മിസിസ് ഡയാന,

മിസ്റ്റർ ജാക്യുലിൻ എന്നിവരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്തത്.

**Drawing Competition:**

ഇരയിമൻതുറ, തൂത്തൂർ എന്നീ ഇടവകകളിൽ വച്ച് 23-ാം തീയതി നടന്ന ക്ലാസിൽ 58 വിദ്യാർത്ഥികൾ പങ്കെടുത്തു. 6 മുതൽ 10-ാം ക്ലാസ്സുവരെയുള്ള കുട്ടികളാണ് ഇതിൽ പങ്കെടുത്തത്.

**TN PSC Coaching**

എല്ലാ ശനി, ഞായർ ദിവസങ്ങളിൽ തൂത്തൂർ, ഇരയിമ്മൻതുറ, പൂന്തുറ എന്നീ ഇടവകകളിൽ വച്ച് പി.എസ്.സി ക്ലാസ്സുകൾ നടക്കുന്നു. ഇതിൽ 26,52 എന്നീ ക്രമത്തിൽ വിദ്യാർത്ഥികൾ പങ്കെടുത്തു.

ഇരയിമ്മൻതുറ, വള്ളവിള, തൂത്തൂർ എന്നീ ഇടവകകളിൽ വച്ച് Essay writingp Drawing {]kw-K-a-Õ-cw, Personality development ക്ലാസ്സുകൾ എന്നിവ നടന്നു. 300, 200, 150, 340 എന്നീ ക്രമത്തിൽ വിദ്യാർത്ഥികൾ പങ്കെടുത്തു.

**സമിതിയോഗങ്ങൾ**

തൂത്തൂർ, വള്ളവിള, പൂന്തുറ, ഇരയിമൻതുറ എന്നീ ഇടവകകളിൽ സമിതിയോഗങ്ങൾ 6,18,12,24 എന്നീ തീയതികളിൽ നടത്തുകയും 15, 16, 20, 8 എന്നീ ക്രമത്തിൽ സമിതിയോഗങ്ങൾ നടന്നു.

**പുല്ലുവിള ഫൊറോന**

ഫൊറോന സമിതിയോഗം 9.7.2022ൽ കോ-ഓർഡിനേറ്റർ ഫാ. പ്രതീപ് ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൊച്ചുപള്ളി ഫൊറോന ഓഫീസിൽ വച്ച് സംഘടിപ്പിച്ചു. ഫൊറോനതലത്തിൽ നടത്തിവരുന്ന തുടർ പ്രവർത്തനങ്ങളുടെ വിലയിരുത്തലും നടത്തി.

**വിദ്യാഭ്യാസ സമിതിയുടെ പുതിയ ഓഫീസ് ആശീർവാദകർമ്മം:**

ഫൊറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ പുതിയ ഓഫീസിന്റെ ആശീർവാദകർമ്മം 9.7.2022 ശനി വൈകുന്നേരം 3ന് ഫൊറോന വികാരി ഫാ. സിൽവസ്റ്റർ കുരിസ് നിർവഹിച്ചു. ഫൊറോന തലത്തില മുൻകൂട്ടി നിശ്ചയിച്ച പ്രവർത്തനങ്ങൾ സുതാര്യമായി നടപ്പിലാക്കുന്നതിനും, വിവിധ പരിശീലനപരിപാടികൾ, ജോബ് ബ്യൂറോ, തുടങ്ങിയവ ഈ ഓഫീസ് വഴി നടപ്പിലാക്കുന്നതിനും, ഫൊറോനതലത്തിൽ നൽകുന്ന ക്ലാസ്സുകൾകൂടി നൽകുന്ന രീതിയിലാണ് ഓഫീസ് ക്രമീകരിച്ചിരിക്കുന്നത്.

**ഫൊറോനതലത്തിൽ നടത്തിരവരുന്ന തുടർ പ്രവർത്തനങ്ങൾ**

1. ചിത്രരചന പരിശീലനം: എല്ലാ ഞായറാഴ്ചകളിലും 3 മണി മുതൽ 4.30 മണിവരെ പുല്ലുവിള സ്കൂളിൽവച്ച് സംഘടിപ്പിക്കുന്നു.
2. ഡിഫൻസ് പരിശീലനം എല്ലാ ശനി, ഞായർ ദിവസങ്ങളിൽ

എഴുത്ത് പരീക്ഷയക്കുള്ള പരിശീലനവും, എല്ലാദിവസവും രാവിലെ 6.30 മുതൽ 8 മണിവരെ കായികക്ഷമത പരിശീലനവും നൽകുന്നു.

**പി.എസ്.സി. പരിശീലനം :** പുല്ലുവിള, പരുത്തിയൂർ, അടിമലത്തുറ എന്നീ ഇടവകകളിൽ സംഘടിപ്പിച്ചുവരുന്നു.

**ഇടവകാതലം:** സമിതിയോഗം, അടിമലത്തുറ, പുല്ലുവിള, പൂവാർ, ലൂർദ്ദുപുരം, പള്ളം, പരുത്തിയൂർ എന്നീ ഇടവകകളിൽ സംഘടിപ്പപ്പിച്ചു.

**അടിമലത്തുറ ഇടവകയിൽ :** 'സൈബർ കുറ്റകൃത്യങ്ങൾ' 17.7.2022ൽ 8-ാം ക്ലാസ്സ് മുതൽ ഡിഗ്രി വരെയുള്ള വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം സംഘടിപ്പിച്ചു. ക്ലാസ്സിന് നേതൃത്വം നൽകിയത് തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷൻ ഡി.വൈ.എസ്.പി. ഷാജി സാറിന് കൂടാതെ വിഴിഞ്ഞം പോലീസ് സ്റ്റേഷൻ ഉദ്ദ്യോഗസ്ഥനും പ്രസ്തുത പരിപാടിക്ക് സഹകരണം ഉറപ്പുവരുത്തി.

**പള്ളം, കൊച്ചുപള്ളി എന്നീ ഇടവകകളിൽ ട്യൂഷൻ പരിപാടിക്ക് തടക്കം കുറിച്ചു.**

കൊച്ചുപള്ളി ഇടവകയിൽ 1 മുൽ 5-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കും, പള്ളം ഇടവകയിൽ 5,6,7,8 എന്നീ ക്ലാസ്സിലെ വിദ്യാർത്ഥികൾക്കുമാണ് വൈകുന്നേരം 5 മണി മുതൽ 7 മണി വരെ ട്യൂഷൻ പരിപാടി സംഘടിപ്പിക്കുന്നത്.

യഥാക്രമം കൊച്ചുപള്ളിയിൽ 16 വിദ്യാർത്ഥികളും, പള്ളം ഇടവകയിൽ 66 വിദ്യാർത്ഥികളും പങ്കെടുക്കുന്നു.

ലൂർദ്ദുപുരം ഇടവകയിൽ 76 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകി.

**ഈ വർഷത്തെ 2022 വർഷം 10, +2 വിഭാഗത്തിൽ ഫുൾ എ+ നേടിയ വിദ്യാർത്ഥികളുടെ ലിസ്റ്റ്**

| | 10 | +2 |
|---|---|---|
| 1. അടിമലത്തുല | 7 | 1 |
| 2. പുല്ലുവിള | 9 | 3 |
| 3. പള്ളം | 1 | – |
| 4. പുതിയതുറ | 7 | 5 |
| 5. നമ്പ്യാതി | 2 | 2 |
| 6. കൊച്ചുതുറ | 2 | – |
| 7. കരുംകുളം | 4 | 1 |
| 8. പൂവാർ | 3 | – |
| 9. പരുത്തിയൂർ | 7 | 5 |

| | | |
|---|---|---|
| 10. കൊല്ലംകൊട് | 7 | 5 |
| 11. ലൂർദ്ദുപുരം | 2 | 2 |
| Total | 51 | 25 |

============

**അഞ്ചുതെങ്ങ് ഫെറോന**

**ഫെറോന സമതിയോഗം:** ഫെറോന സമതിയോഗം കോ-ഓർഡിനേറ്റർ ഫാ. ഫ്രെഡി ജോയിയുടെ അദ്ധ്യക്ഷതയിൽ ഫെറോന സെന്ററിൽ വച്ച് നടന്നു. പ്രസ്തുത യോഗത്തിൽ ഫെറോനതല ഇടവകതല പ്രവർത്തനങ്ങൾ വിയിരുത്തൽ നടത്തി. ആഗസ്റ്റ് മാസം ഫെറോനതലത്തിൽ ജി.ക്കെ. മത്സരം നടത്തുന്നതിനാൽ ഈ മാസം ഇടവകതല പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കെടത്തു. 31-ാം തീയി ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ ജനറൽ ബോഡികൂടുവാനും തീരുമാനിച്ചു.

**ഇടവകതലം**

**അഞ്ചുതെങ്ങ്:** എസ്.എസ്.എൽ.സി., +2 ഫുൾ എ+ വാങ്ങിയ കുട്ടികൾക്ക് മെരിറ്റ് അവാർഡും ജില്ല സംസ്ഥാന ദേശീയ തലങ്ങളിൽ സമ്മാനം വാങ്ങിയ കുട്ടികളെ ആദരിച്ചു. മൂന്നാം പ്രാവശ്യവും 100% വിജയം കൈവരിച്ച അഞ്ചുതെങ്ങ് സെന്റ് ജോസഫ് സ്കൂളിലെ പ്രഥമ അദ്ധ്യാപകരെ ആദരിച്ചു.

**അരയതുരുത്തി:** ഇടവകതല സമിതിയോഗം നടന്നു. 24-ാം തീയതി 2 മണിയ്ക്ക് ജി.കെ. ക്വിസ് മത്സരം നടത്തി.

**വെന്നികോട്:** സമിതിയോഗം നടന്നു. 31-ാം തീയതി 2 മണിയ്ക്ക് ജി.കെ. ക്വിസ് മത്സരം നടത്തുവാൻ തീരുമാനിച്ചു. ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വിദ്യാഭ്യാസ ശുശ്രൂഷയും റ്റി.എസ്.എസ്.എസും ചേർന്നു ബോധവൽക്കരണക്ലാസ് നടത്തി. വെന്നികോട് മൗണ്ട് കാർമ്മൽ സ്കൂളിൽ 18-ാം തീയതി മൗണ്ട് കാർമൽ ഡേ ആഘോഷിക്കുകയും അന്നേ ദിവസം വിദ്യാരംഭം കലാസാഹിത്യവേദി ഉദ്ഘാടനവും നടന്നു. ഈ സ്കൂളിൽ നിന്നും പഠിച്ചു പോയ പൂർവ്വ വിദ്യാർത്ഥിയായ കുമാരി മെർളിൻ സൈമനെ ചിരട്ടകൊണ്ടു നിർമ്മിച്ച കരകൗശല വസ്തുക്കൾ സ്കൂളിൽ പ്രദർശിപ്പിച്ചു. സ്കൂളിന്റെ പേരിൽ അധ്യാപകർ ക്യാഷ് അവാർഡ് നൽകി.

**മാമ്പള്ളി :** ഇടവകതല സമിതിയോഗം നടന്നു. 26-ാം തീയതി കരിയർ ഗൈഡൻസ് ക്ലാസ് നടത്തി. ക്ലാസ്സിൽ 88 കുട്ടികളും 45 രക്ഷകർത്താക്കളും 14 അധ്യാപകർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു.

തുടർന്നു കുട്ടികളെ രണ്ടു ഗ്രൂപ്പുകളായി തിരിച്ച് സെല്ല് രൂപീകരിക്കുകയും ഇതിൽ നിന്നും 8 കുട്ടികളെ പി.എസ്.സി. കോച്ചിങ്ങിന് അഞ്ചുതെങ്ങ് സെന്ററിൽ ആക്കി. മാമ്പള്ളി എൽ.പി. സ്കൂളിൽ പഠിച്ചുപോയ ഫുൾ എ+ വാങ്ങിയ കുട്ടികളെ സ്കൂൾ തലത്തിൽ ആദരിച്ചു.



**പുതുക്കുറിച്ചി ഫൊറോന**

ജൂലൈ 2-ാം തീയതി ഫൊറോന വിദ്യാഭ്യാസ സമിതി യോഗം ഫൊറോന കോർഡിനേറ്റർ റവ. ഫാ. തദ്ദേവൂസ് ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ സെന്റ് ജേക്കബ്സ് ബി.എഡ് കോളേജിൽ വച്ച് കൂടി. ഉന്നതവിജയം കരസ്ഥമാക്കിയ എസ്.എസ്.എൽ.സി., +2 കുട്ടികൾക്ക് മെറിറ്റ് അവാർഡ് നൽകുന്നതിനെകുറിച്ചും, പി.ജി. കുട്ടികളുടെ കൂടി വരവിനെക്കുറിച്ചും ചർച്ച ചെയ്തു. പള്ളിത്തുറ, തുമ്പ, സെന്റ് ആൻഡ്രൂസ്, ശാന്തിപുരം, മരിയനാട്, പുതുക്കുറിച്ചി, ഫാത്തിമാപുറം എന്നീ ഇടവകകളിൽ നിന്നും കൺവിനർമാർ പങ്കെടുത്തു.

പള്ളിത്തുറ, തുമ്പ ഇടവകകളിൽ സമിതിയോഗം കൂടി. എസ്.എസ്.എൽ.സി., +2 ക്ലാസ്സുകളിൽ ഉന്നത വിജയം നേടിയ കുട്ടികളെ ആദരിക്കുന്നതിനെകുറിച്ചും, കുട്ടികൾക്ക് മോട്ടിവേഷന ക്ലാസ് നടത്തുന്നതിനെകുറിച്ചും ചർച്ച ചെയ്തു. ജൂലൈ 10-ാം തീയതി ഫാത്തിമാപുരം ഇടവകയിൽ എസ്.എസ്.എൽ.സി., +2 കുട്ടികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ് നടത്തി. ശ്രീ. പോൾസൺ ക്ലാസ്സെടുത്തു.

**പേട്ട ഫൊറോന**

പേട്ട ഫൊറോനയിലെ ഇടവകകളുടെ ചരിത്രം പുസ്തകരൂപത്തിൽ പ്രസിദ്ദികരിക്കുന്നതിന്റെ ഭാഗമായി പോങ്ങുംമൂട്, മുട്ടട, കുശവർക്കൽ, ശ്രീകാര്യം എന്നീ ഇടവകകളിൽ നിന്നും ഇടവകാ ചരിത്രം ശേഖരിച്ചു. (ജൂലൈ 28-ാം തീയതി 8 മുതൽ 12 വരെയുള്ള കുട്ടികൾക്ക് ലീഡർഷിപ്പ് ആന്റ് കമ്മ്യൂണിക്കേഷൻ സ്കിൽ എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നടത്തുന്നതാണ്.)

മുട്ടട, പേങ്ങുംമൂട് എന്നീ ഇടവകകളിൽ സിമിതി കൂടി. പുഷ്പഗിരി, വികാസ് നഗർ എന്നീ ഇടവകകളിൽ പഠനോപകരണ വിതരണം നടത്തി. മുട്ടട ഇടവകയിൽ നിരദ്ദനരായ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നു.

**ഫാ. ഡൈസൻ വൈ.**
**ഡയറക്ടർ**

# കെ.സി.എസ്.എൽ

**ലീഡേഴ്സ് മീറ്റ് & ഇലക്ഷൻ**

കുട്ടികളിൽ നേതൃത്വ താൽപര്യവും സേവന മനസ്കതയും വളർത്തിയെടുക്കുന്നതിനായി 15.07.2022 വെള്ളിയാഴ്ച രൂപതാ റ്റി. എസ്.എസ്.എസ്. ഹാളിൽവച്ച് കെ.സി.എസ്.എൽ. ലീഡേഴ്സ് മീറ്റ് സംഘടിപ്പിക്കുകയുണ്ടായി. വിവിധ സ്കൂളുകളിൽ നിന്നായി 100-ഓളം കുട്ടികളും 20-ഓളം ആനിമേറ്റേഴ്സും പങ്കെടുക്കുകയുണ്ടായി. കുട്ടികൾക്ക് നേതൃത്വത്തെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകുകയും മുൻ ലീഡേഴ്സിന് നന്ദിയർപ്പിക്കുകയും ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായ് പുതിയ ലീഡേർസിനെ തിരഞ്ഞെടുക്കുകയും ചെയ്തു.

## Study Circle Class

15.07.2022 വെള്ളിയാഴ്ച രാവിലെ സംസ്ഥാന കെ.സി.എസ്.എൽ. സമിതിയുടെ നേതൃത്വത്തിൽ നൽകപ്പെട്ട "അമ്മയായ ഭൂമി" എന്ന പുസ്തകത്തെക്കുറിച്ചുള്ള Study Circle Class അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷയുടെ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഇമ്മാനുവേൽ കൈകാര്യം ചെയ്തു. ഭൂമി നന്മയുടെ അമ്മയാണ് അതിനെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ് എന്ന് തുടങ്ങി പ്രകൃതി സ്നേഹം വർദ്ധിപ്പിക്കുവാൻ കുട്ടികളെ ഫാ. ഇമ്മാനുവേൽ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

## Merit Award

കുട്ടികളിൽ പഠന താൽപര്യം വർദ്ധിപ്പിക്കുവാനും, പ്രോത്സാഹിപ്പിക്കുവാനുമായി 15.07.2022 വെള്ളിയാഴ്ച ഉച്ചക്ക് ങലൃശ േഅംമൃറ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ അതിരൂപതാ സഹായ മെത്രാൻ മോസ്റ്റ്. റവ. ക്രിസ്തുദാസ് അനുഗ്രഹപ്രഭാഷണം നടത്തുകയും കെ.സി.എസ്.എൽ. കുട്ടികളിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ+ നേടിയവർക്കു Merit Award നൽകുകയും ചെയ്തു.

**ഫാ. നിജു അജിത്ത്**
**എക്സിക്യൂട്ടീവ് സെക്രട്ടറി**

# ഹെറിറ്റേജ് കമ്മിഷൻ

കേരളത്തിലെ 12 ലത്തീൻ രൂപതകളിൽ നിന്നായി വിദ്യാർത്ഥികളെയും അൽമായരെയും സന്യസ്തരെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ ദേവസഹായം മെഗാക്വിസ് സംസ്ഥാനതല ത്സരത്തിൽ തിരുവനന്തപുരം അതിരൂപത തിളക്കമാർന്ന വിജയം നേടി. സന്യസ്തവിഭാഗത്തിൽ കൊച്ചുപള്ളി ഇടവകയിലെ സിസ്റ്റർ മർളിൻ സി. മോസ് ഒന്നാം സ്ഥാനവും അൽമായ വിഭാഗത്തിൽ പൂഴിക്കുന്ന് ഇടവകയിലെ ശ്രീമതി റീജാ സി.ക്ക് ഒന്നാംസ്ഥാനവും കിള്ളിപ്പാലം ഇടവകയിലെ ശ്രീമതി. വിൻഫ്രീ രണ്ടാംസ്ഥാനവും വിദ്യാർത്ഥി വിഭാഗത്തിൽ അടിമലത്തുറ ഇടവകയിൽ നിന്ന് കുമാരി ജ്യോതി എസ്. ജോവാൻ ഒന്നാംസ്ഥാനവും പാലപ്പൂര് ഇടവകയിൽ നിന്നുള്ള റിയാൻ എസ്.വിയാനി രണ്ടാംസ്ഥാനവും കരസ്ഥമാക്കി.

**ഫാ. സിൽവെസ്റ്റർ കുരിശ്**
**എക്സിക്യൂട്ടീവ് സെക്രട്ടറി**

# സാമൂഹ്യ ശുശ്രൂഷ

**നീതി സമാധാന വികസന കമ്മിഷൻ**

**1.1 കാര്യശേഷി വികസനം**

1. സാമൂഹ്യ ശുശ്രൂഷാ ഇടവകതല യോഗങ്ങൾ (പേട്ട, കഴക്കൂട്ടം, ഫെറോനകൾ ഒഴികെ) 64 എണ്ണം നടന്നു.
2. ഫെറോന സാമൂഹ്യ ശുശ്രൂഷാ സമിതി യോഗങ്ങൾ തൂത്തൂർ, പുല്ലുവിള, കോവളം, വലിയതുറ, പുതുക്കുറിച്ചി, പാളയം അഞ്ചുതെങ്ങ് ഫെറോനകളിൽ നടന്നു.
3. സാമൂഹ്യ ശുശ്രൂഷയുടെ ഫെറോനതല പ്രവർത്തകരുടെ യോഗം തൂത്തൂർ, പുല്ലുവിള, കോവളം, വലിയതുറ, പുതുക്കുറിച്ചി; അഞ്ചുതെങ്ങ് മേഖലകളിൽ നടന്നു.
4. രണ്ട് സ്റ്റാഫ് അംഗങ്ങളെ നടധ കോഴ്സ് പഠിക്കുവാൻ തെരഞ്ഞെടുത്തു.
5. 9.06.22ന് സ്റ്റാഫ് അംഗങ്ങൾക്കായ് സ്റ്റഡി സെക്ഷൻ സംഘടിപ്പിച്ചു. Healthy Habits നെക്കുറിച്ച് RCC പാലിയേറ്റീവ് കെയർ യൂണിറ്റ് Dr. പ്രശാന്ത് വി. ക്ലാസ് നൽകി.

6. ഗവൺമെന്റിന്റെ വിവിധ പദ്ധതികളെയും, ജോലി സാധ്യതകളെയുംകുറിച്ച് വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ 10 അറിയിപ്പുകൾ നൽകി.
7. മേഖലാതല ആനിമേറ്റർമാരുടെ യോഗം 16.06.22ൽ നടന്നു. മേഖലാതല പ്രവർത്തനങ്ങൾ വിലയിരുത്തി.

**1.2 സ്വയം സഹായസംഘങ്ങളും സാമ്പത്തിക ഉന്നമനവും**

- ♦ സ്വയം സഹായ സംഘങ്ങളുടെ സംഘടനാ സംവിധാനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള എസ്.എച്ച്.ജി.കളുടെ സമ്പൂർണ്ണ ലിസ്റ്റ് തയ്യാറാക്കി വരുന്നു.
- ♦ പ്രവർത്തകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് കൃത്യമായ ആസൂത്രണവും അവലോകനവും ആവശ്യമായതിനാൽ 27.06.22ന് ജൂൺ മാസ വിലയിരുത്തലും ജൂലൈ മാസ ആസൂത്രണവും നടന്നു.
- ♦ ചെറുകിടസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് ശക്തി പദ്ധതിയുടെ ഭാഗമായി ഫെഡറൽ ബാങ്കിന്റെ നേതൃത്വത്തിൽ 2% പലിശക്ക് 7 ഗ്രൂപ്പുകൾക്ക് 2 ലക്ഷം രൂപ വീതം വായ്പ അനുവദിച്ചു.
- ♦ വലിയതുറ ഫെറോന പള്ളിയുടെ തിരുനാളിനോടനുബന്ധിച്ച് രൂപതയിലെ സംരംഭകരായ സ്ത്രീകളുടെ സ്റ്റാളുകൾ സജ്ജീകരിച്ചു. ലൈവ് തട്ടുക സഹിതം സജീവമായിരുന്ന സ്റ്റാളിൽ ആകെ 10145 രൂപയുടെ കച്ചവടം നടന്നു.
- ♦ സ്വയം തൊഴിൽ ചെയ്യുന്നതിനായി രൂപതയിൽ നിന്നും 35 യൂണിറ്റുകൾക്ക് 8,90,000/- രൂപയുടെ ധനസഹായം നല്കി. അഞ്ചുതെങ്ങ് - 5, പുതുക്കുറിച്ചി - 5, കഴക്കൂട്ടം - , കോവളം - 4, പുല്ലുവിള - 7, തൂത്തൂർ - 6, പാളയം - 2, വലിയതുറ -5 എന്നീ ക്രമത്തിലാണ് സഹായം നൽകിയത്.

**1.3 കുടുംബോദ്ധാരണ പദ്ധതി (Save a family Scheme)**

തൂത്തൂർ, കൊല്ലംകോട്, കുളത്തൂർ പഞ്ചായത്തുകളിൽ നിന്നുള്ള ഇടവകകളിൽ നിന്ന് SAFP Scheme -ലേക്ക് പുതിയ 50 കുടുംബങ്ങളെ സെലക്ട് ചെയ്തു. പൂത്തുറൈ - 6, തൂത്തൂർ - 4, ചിന്നത്തുറൈ-4, ഇവരി പുത്തൻതുറൈ - 1, വള്ളവിള - 5, മാർത്താണ്ടൻതുറ-6, നീരോട് -6, കൊല്ലംകോട്-5, പരുത്തിയൂർ - 8, പൂവാർ - 5 എന്നീ ക്രമത്തിലാണ് സെലക്ട് ചെയ്തത്.

**1.4 കാരുണ്യപൂർവ്വം കുടുംബോദ്ധാരണ പദ്ധതി**

- ♦ പേട്ട -20, പാളയം - 26, കഴക്കൂട്ടം - 5, തൂത്തൂർ - 10, പുതുക്കു

റിച്ചി - 11, വലിയതുറ - 8, കോവളം - 4, പുല്ലുവിള-51, അഞ്ചു തെങ്ങ് - 25 എന്നീ ക്രമത്തിൽ 170 കുടുംബങ്ങൾക്ക് നിലവിൽ കാരുണ്യപൂർവ്വം കുടുംബോദ്ധാരണ പദ്ധതി വഴി സഹായം നൽകി വരുന്നു.

♦ പാളയം, പേട്ട, പുല്ലുവിള, കഴക്കൂട്ടം ഫെറോനകളിലെ 25 കുടും ബങ്ങളുടെ ഭവനസന്ദർശനം നടത്തി. സ്വയംതൊഴിലുകൾ വില യിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.
♦ 12 ഡോണർമാരിൽ നിന്നും 78,500 രൂപ സംഭാവനയായി ലഭിച്ചു.
♦ പാളയം, വലിയതുറ ഫെറോനകളിലെ 4 പേർക്ക് സ്വയംതൊ ഴിലുകൾ വിപുലീകരിക്കുന്നതിനായി 34,082 രൂപ നൽകി.
♦ പദ്ധതിയിലുൾപ്പെട്ട പുല്ലുവിള ഫെറോനയിലെ 3 പേർ ഭവനം ഒരു സമ്മാനം പദ്ധതി വഴി ഭവനനിർമ്മാണം നടത്തി വരുന്നു.

**1.5 ഓഖി കുടുംബോദ്ധാരണ പദ്ധതി**

♦ തൂത്തൂർ, പുല്ലുവിള, കോവളം ഫെറോനകളിലെ 23 ഓഖിദുര ന്തബാധിത കുടുംബങ്ങളെ സന്ദർശിച്ചു.
♦ 36 ഗുണഭോക്താക്കളുടെ സ്വയംതൊഴിൽ സംബന്ധമായ വാർഷികപദ്ധതി തയ്യാറാക്കി.
♦ 2021-22 വർഷത്തിൽ ഫണ്ട് പിൻവലിച്ച 10 കുടുംബങ്ങളുടെ പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി.
♦ തൂത്തൂർ ഫെറോനയിലെ ഒരു വ്യക്തിക്ക് ചികിത്സയ്ക്കായും മറ്റൊരു വ്യക്തിക്ക് പഠനാവശ്യത്തിനായും (26,000 രൂപ) നൽകി സഹായിച്ചു.
♦ കോവളം, പുല്ലുവിള, ഫെറോനകളിലെ 5 വ്യക്തികൾക്ക് ഭവന പുനരുദ്ധാരണത്തിനായി 1,80,000/- രൂപ നൽകി സഹായിച്ചു.

**1.6 അടിസ്ഥാന സൗകര്യ വികസനം**

♦ ഭവനം ഒരു സമ്മാനം പദ്ധതിവഴി അതിരൂപതയിലെ പാവപ്പെട്ട കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകുന്നതിന്റെ ഭാഗമായി "ഭവനം ഒരു സമ്മാനം" പദ്ധതിയുടെ 5-ാം ഘട്ടത്തിൽ പുല്ലു വിള ഫെറോനയിലെ 5 ഭവനങ്ങളുെ നിർമ്മാണം നടന്നുവര ന്നു. പരുത്തിയൂർ ഇടവകയിലെ 1 വ്യക്തിക്ക് രണ്ടാം ഗഡു വായി 75,000 രൂപയും നൽക സഹായിച്ചു.
♦ ഓഖി ദുരിതബാധിതരായിട്ടുള്ള 7 കുടുംബങ്ങളുടെ ഭവനങ്ങൾ അറ്റകുറ്റപ്പണി ചെയ്യുന്നതിന് സഹായിക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം, പൂന്തുറ, പള്ളം ഇടവകകളിലെ ഓഖി ഗുണഭോ ക്താക്കൾക്ക് 1,89,000/- രൂപ വിതരണം ചെയ്തു.

- ഭവനം അറ്റകുറ്റപണിചെയ്യുന്നതിനായി മാമ്പള്ളി ഇടവകയിലെ 3 പേർക്കും കിള്ളിപ്പാലം ഇടവകയിലെ 1 വ്യക്തിക്കും ആദ്യഗഡുവായി 40000/- രൂപ നൽകി സഹായിച്ചു.

## 1.7 സുരക്ഷാപദ്ധതി

- 26.05.2022 റ്റി.എസ്.എസ്.എസ്. കാര്യാലയത്തിൽ വച്ച് സുരക്ഷാ പദ്ധതിയുടെ എൻ.ജി.ഒ. ലെവൽ യോഗം നടന്നു. കരുംകുളം പഞ്ചായത്തിനു പുറമെ കഠിനംകുളം പഞ്ചായത്തിലും പദ്ധതി വ്യാപിപ്പിക്കുവാൻ തീരുമാനിക്കുകയും ഓരോ വാർഡിൽ നിന്നും 4 പേരെ വീതം തെരഞ്ഞെടുത്ത് സർവ്വേ നടത്തുവാനും 30 കമ്യൂണിറ്റി നേതാക്കളെ തെരഞ്ഞെടുക്കുവാനും തീരുമാനിച്ചു.
- 6.6.22-ൽ റ്റി.എസ്.എസ്.എസ്. കാര്യാലയത്തിൽ വ്ച് സുരക്ഷാ പദ്ധതിയുടെ യൂണിറ്റ്തല യോഗം നടന്നു. സാമൂഹ്യ സുരക്ഷയുമായി ബന്ധപ്പെട്ട് WASH തീരദേശ പ്രശ്നങ്ങള ലഹരിയുടെ ഉപയോഗം എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു.
- കൊച്ചിതുറ, കരുംകുളം, പൂവാർ, ലൂർദ്ദുപുരം, പള്ളം, വെള്ളല്ലമ്പ്, കൊച്ചുപള്ളി പോക്കറ്റുകളിൽ യോഗം കൂടി മഴക്കാല രോഗങ്ങളെക്കുറിച്ചും, Responsible drinkingനെക്കുറിച്ചും ക്ലാസ് നൽകി.
- 20.06.22-ൽ സുരക്ഷാപദ്ധതിയുടെ കമ്മ്യൂണിറ്റി ലീഡർമാർക്ക് Social Protection Measures-നെക്കുറിച്ച് ക്ലാസ് നൽകി.
- 8.6.22-ൽ പൂവാർ 14-ാം നമ്പർ അംഗനവാഡിയിൽ വച്ച് പ്ലാനിംഗ് കമ്മിറ്റി യോഗം നടന്നു.
- 8.6.22-ൽ പത്തിയം, പാറശ്ശാല, നെയ്യാറ്റിൻ വനംവകുപ്പ് സന്ദർശിച്ച് 180 തൈകളും 75 പാക്കറ്റ് പച്ചക്കറി വിത്തുകളും, ഫലവൃക്ഷതൈകളും ശേഖരിച്ച് ജനങ്ങൾക്കു നൽകി.
- കരുംകുളം, പൂവാർ, കോട്ടുകാല പഞ്ചായത്തിൽ നിന്ന ലൈമിഷൻ കരട് ലിസ്റ്റ് കളക്ട് ചെയ്തു. അർഹരായിരുന്നിട്ടും ലിസ്റ്റിൽ ഉൾപ്പെടാത്ത 22 അപേക്ഷകള കളക്ട് ചെയ്ത് പഞ്ചായത്തു സെക്രട്ടറിമാരെ ഏൽപിച്ചു.

## II തൊഴിൽ കാര്യകമ്മിഷൻ

- 26.06.22-ൽ റവ. ഫാ. സ്റ്റാൻലിന്റെ (അസി. ഡയറക്ടർ) അദ്ധ്യക്ഷതയിൽ അതിരൂപതാ തലത്തിൽ കെ.എൽ.എം.ന്റെ യോഗം

നടന്നു. കെ.എൽ.എം.ന്റെ പേരിൽ രസീത് അടിക്കുവാൻ തീരുമാനിച്ചു.

- ♦ വലിയതുറ (11.6.22), അഞ്ചുതെങ്ങ് 11.6.22, കോവളം (14.6.22) പാളയം (5.6.22), പുല്ലുവിള (5.6.22) പുതുക്കുറിച്ചി (24.6.22) ഫെറോനകളിൽ കെ.എൽ.എം. ഫെറോനാ യോഗങ്ങൾ നടന്നു.
- ♦ 40 ഇടവകകളിൽ കെ.എൽ.എം.ന്റെ ഇടവകാതല യോഗങ്ങൾ കൂടി.
- ♦ പുല്ലുവിള ഫെറോനയിൽ നിന്ന് 82 പേരും, പൂങ്കുളം ഇടവകയിൽ നിന്ന് 8 പേരും കെ.എൽ.എം.-ൽ അംഗത്വമെടുത്തു.
- ♦ വിഴിഞ്ഞം, അഞ്ചുതെങ്ങ്, മര്യനാട്, പുല്ലുവിള, പരുത്തിയൂർ, കൊല്ലംകോട്, പൂവാർ, പുതിയതുറ, പള്ളം ഇടവകകളിൽ തയ്യൽതൊഴലാളി ഫോറം യോഗങ്ങൾ നടന്നു.
- ♦ പുല്ലുവിള, പരുത്തിയൂർ, വലിയതുറ, വെട്ടുകാട്, തൂത്തൂർ ഫെറോനകളിൽ മോട്ടോർ വാഹന തൊഴിലാളി ഫോറം യോഗങ്ങൾ നടന്നു
- ♦ 12.06.22-ൽ പുതുക്കുറിച്ചി ഫെറോനയിൽ കർഷകതൊഴിലാളി ഫോറം യോഗം കൂടി.
- ♦ പുല്ലുവിള, പാളയം, വലിയതുറ, കോവളം ഫെറോനകളിൽ ശ്രീമതി സുജയും അഞ്ചുതെങ്ങ് ഫെറോനയിൽ ചെറുന്നിയൂർ കൃഷിഭവൻ ഓഫീസർ ശ്രീമതി നിർമ്മലയും ജൈവവള കൃഷിയെക്കുറിച്ച് ക്ലാസ്സ് നൽകി. പങ്കെടുത്ത അംഗങ്ങള വിത്ത്, വളം, ഗ്രോബാഗ് എന്നിവ വിതരണം ചെയ്തു.
- ♦ 5.6.22-ൽ വെള്ളിക്കോട് ഇടവകയിൽ പള്ളി പരിസരത്ത് ഔഷധസസ്യങ്ങൾ, വൃക്ഷതൈകൾ നട്ട് പരിസ്ഥിതിദിനാചരണം നടത്തി.

## II ആരോഗ്യകാര്യ കമ്മിഷൻ

- ♦ ഇടവക തലത്തിൽ 156 എസ്.എച്ച്.ജി. അംഗങ്ങൾക്ക് ജീവിതശൈലി രോഗങ്ങളെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.
- ♦ വലിയതുറ ഫെറോനയിലെ വെട്ടുകാട് ഇടവകയിൽ വച്ച് എം.എം.ഐ. ഹെൽത്ത് ബ്രിഗേഡി സമഗ്ര ആരോഗയ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി അടിയന്തിര ജീവൻ രക്ഷാദൗത്യം (First aid) പരിശീലനം നടന്നു.
- ♦ പുല്ലുവിള (20.6.22), തൂത്തൂർ (7.6.22), വലിയതുറ (23.6.22) എന്നീ ഫെറോനകളിലെ ഹെൽത്ത് ക്ലബ്ബ് യോഗങ്ങൾ നടത്തി.

- രൂപതയിൽ നിന്ന് വലിയതുറ ഇടവകയിലെ ഭിന്നശേഷി കുട്ടി വിദ്യയ്ക്ക് വീൽചെയർ സൗജന്യമായി നല്കി.
- 26.6.22-ൽ വലിയതുറ ഫ്ളാറ്റിൽ വച്ച് ഹോളിക്രോസ് ഹോസ്പിറ്റലും വലിയതുറ റ്റി.എസ്.എസ്.എസ് സമിതിയും സംയുക്തമായി ജനറൽ മെഡിക്കൽ ക്യാമ്പ് നടത്തി. 164 പേർ പങ്കെടുത്തു. അന്നേദിവസത്തിൽ സി.എസ്.ഐ. മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ Eye Campഉം നടത്തി. 84 പേർ പങ്കെടുത്തു. 2 പേരെ തിരിമ ശസ്ത്രക്രിയക്കായി കാരക്കോണം മെഡിക്കൽകോളേജിൽ കൊണ്ടുപോയി. ശസ്ത്രക്രിയ സൗജന്യമായി നടത്തികൊടുത്തു.
- ഫെറോന പദ്ധതിപ്രകാരം വെട്ടുകാട് കേന്ദ്രീകരിച്ച് നടത്തുവാൻ പോകുന്ന പകൽവീട് സംവിധാനത്തിന്റെ പ്രാരംഭഘട്ട നടപടികൾ ആരംഭിച്ചു. വെട്ടുകാട് ഇടവക നല്കിയ കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ നടന്നു വരുന്നു. രൂപതയിൽ നല്കിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ 1 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.
- 11.6.22 പള്ളം ഇടവകയിൽ വയോജനഫോറം മീറ്റിംഗ് നടത്തി. 27 പേർ പങ്കെടുത്തു.
- വിവിധ രോഗത്താൽ (ഹാർട്ട്/ കിഡ്നി/ കാൻസർ) വിഷമിക്കുന്ന 16 രോഗികൾക്ക് രൂപതയിൽ നിന്ന് 57,000/- രൂപയും, വലിയതുറ ഫെറോനയിലെ വെട്ടുകാട് ഇടവകയിൽ നിന്ന് 15 രോഗികൾക്ക് (കാൻസർ/കിഡ്നി) 4,30,000/- രൂപയും ധനസഹായം നല്കി. പരുത്തിയൂർ ഇടവകയിൽ നോമ്പുകാലത്തെ ഉപവാസത്തിലൂടെ സമാഹരിച്ച 15000/- രൂപ 3 രോഗികൾക്ക് (5000 രൂപവീതം) ധനസഹായം നല്കി.
- വിഴിഞ്ഞം ഇടവകയിലെ 16 ഭിന്നശേഷി കുട്ടികളുടെ ഭവനങ്ങൾ കോർഡിനേറ്ററും ആനിമേറ്ററും സന്ദർശനം നടത്തി. അവരുടെ ആരോഗ്യസ്ഥിതിയെക്കുറിച്ചും, പഠന നിലവാരത്തെക്കുറിച്ചും വിലയിരുത്തി.
- 4.6.22-ന് തൈക്കാട് ഇടവകയിലെ വയോമിത്രം ക്യാമ്പിൽ പ്രമേഹ രോഗനിർണ്ണയ സ്ട്രിപ്പ് സ്പോൺസറിന്റെ സഹായത്തോടെ വാങ്ങി നല്കി. 98 പേർ പങ്കെടുത്തു. 25.6.22 കോവളം ഫെറോനയിൽ വിഴിഞ്ഞം റ്റി.എസ്.എസ്.എസ്. ഓഫീസിൽ വച്ച് സാമൂഹ്യസുരക്ഷാമിഷന്റെ കീഴിൽ വയോജനങ്ങൾക്കായി വയോമിത്രം ക്യാമ്പ് നടത്തി. 55 പേർ പങ്കെടുത്തു.

## സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള കമ്മിഷൻ

### 1. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ

### വലിയതുറ ഫെറോനയിൽ നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ

- ♦ പദ്ധതി വെളിപ്പെടുത്തലും ആസൂത്രണവും ജൂൺ മാസ് നടന്നു.
- ♦ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 750 ഫലവൃക്ഷങ്ങൾ വിതരണം ചെയ്തു.
- ♦ പദ്ധതി പ്രവർത്തകർക്കായി ഉള്ളള TOT പരിശീലനം നടന്നു.
- ♦ എസ്.എച്ച്.ജി. ലോക്കൽ ഫെഡറേഷൻ മീറ്റിംഗ് ഇടവകതലത്തിൽ നടന്നു.
- ♦ എസ്.എച്ച്.ജി. റീജണൽ ഫെഡറേഷൻ യോഗം ജൂൺ മാസം നടന്നു.
- ♦ മത്സ്യകച്ചവട സ്ത്രീകളുടെ യോഗങ്ങൾ നടന്നുവരുന്നു.
- ♦ കൗമാരപ്രായക്കാരായ കുട്ടികൾക്കുള്ള ക്ലാസ് ചെറിയതുറ, വലിയതുറ, കൊച്ചുതോപ്പ് എന്നീ ഇടവകകളിൽ നടന്നു.
- ♦ ഇടവകതലത്തിൽ സ്ത്രീ കൂട്ടായ്മ ശക്തിപ്പെടുത്തല നടന്നു.
- ♦ ബയോഗ്യാസ് orientation നടന്നു.
- ♦ Catering പരിശീലന orientation class നടന്നു.

### അഞ്ചുതെങ്ങ്/ പുതുക്കുറിച്ചി/ പുല്ലുവിള മേഖലയിൽ നടന്ന പ്രവർത്തനങ്ങൾ

- ♦ ലിംഗ അസമത്വം കുറയ്ക്കുക; ലിംഗഭേദ്യമെന്ന്യേ വ്യക്തികളെ ഉൾക്കൊള്ളിക്കൽ എന്ന വിഷയത്തിൽ അഞ്ചുതെങ്ങ്, പുതുക്കുറിച്ചി, പുല്ലുവിള എന്നീ പദ്ധതി പ്രദേശങ്ങളിലെ പദ്ധതിപ്രവർത്തകർക്ക് പരിശീലനം നടത്തി.
- ♦ പദ്ധതി പ്രദേശങ്ങളിലെ കൗമാര പ്രായക്കാരായ കുട്ടികൾക്ക് ലിംഗ അസമത്വം കുറയ്ക്കുക, ലിംഗഭേദ്യമെന്ന്യേ വ്യക്തികളെ ഉൾക്കൊള്ളിക്കൽ എന്ന വിഷയത്തിലുള്ള അവബോധം നൽകി.
- ♦ പഞ്ചായത്തു പൊതു പദ്ധതികളിലേയും വനിതാ ഘടക പദ്ധതികളിലേയും ലിംഗ നീതി വികസന കാഴ്ചപ്പാടുകൾ മനസ്സിലാക്കുന്നതിനുള്ള പഠനങ്ങൾ കണ്ടെത്തിയ കാര്യങ്ങൾ ക്രോഡീകരിച്ചുകൊണ്ടു ബന്ധപ്പെട്ട പഞ്ചായത്തുകളിലേയും

കില, സഖി, പഞ്ചായത്തു അസോസ്സിയേഷൻ തുടങ്ങിയവരുമായി ചേർന്ന് നടത്തുന്ന ഏകദിന ശിൽപ്പശാല, 25.06.22 തീയതി, റ്റി.എസ്.എസ്.എസിൽ വച്ച് നടത്തി.

- ♦ പദ്ധതി പ്രദേശങ്ങളിലെ ചിന്തകൾ സന്ദർശിച്ചു. ആവശ്യാനുസരണം പഞ്ചായത്തുകളിൽ മെമ്മോറാണ്ടം സമർപ്പിച്ചതിന്റെ ഫലമായി Follow up നടത്തിവരുന്നു.
- ♦ അഞ്ചുതെങ്ങ്, പുതുക്കുറിച്ചി എന്നീ പ്രദേശങ്ങളിലെ 2 ഘട്ട പദ്ധതി ഗുണഭോക്താക്കളായ ആൾക്കാരുടെ സംയുക്ത കൂട്ടായ്മ, 26.06.22ൽ നടത്തി.
- ♦ അഞ്ചുതെങ്ങ്, പുതുക്കുറിച്ചി എന്നീ പദ്ധതിപ്രദേശങ്ങളിൽ സ്ത്രീ കൂട്ടായ്മ രൂപീകരിക്കുകയും പുല്ലുവിളയിൽ ശാക്തീകരണവും നടത്തി.
- ♦ പദ്ധതി പ്രദേശങ്ങളിലെ ജാഗ്രത സമിതിയുടെ രൂപികരണവും ശാക്തീകരണവും സംഘടിപ്പിച്ചു.
- ♦ പദ്ധതി പ്രവർത്തകരുടെ അവലോകനയോഗം ആസൂത്രണ യോഗം നടത്തി.

**4.2 (a) ചൈൽഡ് പാർലമെന്റ്**

- ♦ പുല്ലുവിള, പാളയം ഫെറോനകളിലായി പുതുതായി 2 പാർലമെന്റുകൾ രൂപീകരിച്ചു. പുല്ലുവിള ഫെറോനയിൽ അടിമലത്തുറ ഇടവകയിലും പാളയം ഫെറോനയിൽ വെള്ളയമ്പലം ഇടവകയിലും രൂപീകരിച്ചു.
- ♦ 9 ഫെറോനകളിലായി 49 ചൈൽഡ് പാർലമെന്റുകൾ ആക്റ്റീവ് ആയി പ്രവർത്തിക്കുന്നു.
- ♦ ലോക ലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് ചെറുവെട്ടുകാട് ചൈൽഡ് പാർലമെന്റിലെ മന്ത്രിമാർ പ്രദേശത്ത് വർദ്ധിച്ച് വരുന്ന മദ്യപാനം തടയുന്നതിനായി ഫെറോന കോർഡിനേറ്ററിന് നിവേദനം നൽകി.
- ♦ 4.3 നേഴ്സറി, സപ്ളിമെന്ററി, തൊഴിലധിഷ്ഠിതവിദ്യാഭ്യാസം 5 ഫെറോനകളിലായി 22 നഴ്സറികൾ പ്രവർത്തിക്കുന്നു. സെന്ററുകള വിസിറ്റ് ചെയ്യുകയും മെയ് മാസം മുതലുള്ള അസിസ്റ്റൻസ് നൽകുകയും ചെയ്യുന്നു.
- ♦ പുല്ലുവിള ഫെറോനയിൽ 2 സപ്ലിമെന്ററി സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു.
- ♦ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ചൈൽഡ് പാർലമെന്റ് കുട്ടികൾക്കായി ചിത്രരചനാ മത്സരവും ലോകലഹരി വിരുദ്ധ ദിന

ത്തോടനുബന്ധിച്ച് "ലഹരിക്കെതിരെ എനിക്ക് പറയാനുള്ളത്' എന്ന വിഷയത്തിൽ പ്രസംഗ മത്സരവും സംഘടിപ്പിച്ചു. ഫെറോനതലത്തിൽ വിജയികളെ പ്രഖ്യാപിച്ച് സമ്മാനം നൽകി.

## IV പ്രവാസി കമ്മിഷൻ

- ♦ അഞ്ചുതെങ്ങ്, പുതുക്കുറിച്ചി ഫെറോനകളില, പ്രവാസികാര്യ കമ്മീഷന്റെ ഫെറൊനാതലം യോഗംകൂടി പ്രവാസി വിവരശേഖരണം, യാത്രാവിവരണ രജിസ്ട്രേഷൻ, വിദേശയാത്രക്കുള്ള നടപടിക്രമങ്ങൾ എന്നിവ ചർച്ച ചെയ്തു തീരുമാനിച്ചു.
- ♦ വലിയതുറ (5.6.22), കരുംകുളം (5.6.22), പുതിയതുറ (16.6.22) ഇടവകകളിൽ പ്രവാസി ഫോറം ഇടവകാതലയോഗം കൂടി.
- ♦ വലിയവേളി (14.6.22) റവ. ഫാ. ലെനിൻ ഫെർണാണ്ടസിന്റെ അദ്ധ്യക്ഷതയിൽ പ്രവാസികളുടെ യോഗം കൂടി. പ്രവാസി ഫോറം രൂപീകരിച്ചു.
- ♦ ചമ്പാവ്, വെണ്ണിക്കോട്, പാലപ്പൂർ, കരുംകുളം, പൂവാർ, ഇരയിമ്മൻതുറ, വലിയതുറദ പാളയം ഇടവകകളിൽ 9 പ്രവാസികളുടെ ഭവനങ്ങൾ സന്ദർശിച്ചു. അവരെ സന്ദർശിച്ചു ജീവിതാവസ്ഥകൾ മനസ്സിലാക്കി.
- ♦ നാട്ടിൽ തിരിച്ചെത്തിയതും വിദേശത്തുള്ളതുമായ 18 പ്രവാസികൾക്ക് കൗൺസലിംഗ് നൽകി.
- ♦ ച്ച മദ്യം/മയക്കുമരുന്ന്/മൊബൈലിന്റെ ദുരുപയോഗത്തിനും അടിമകളായ 28 കുട്ടികളെ ഹെൽപ്പഡസ്ക്കിന്റെ സഹായത്തോടെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവന്നു.
- ♦ വ്യാജ വിസവഴി യൂറോപ്യൻ രാജ്യങ്ങളിൽ ജോലിക്കു പോകുവാൻ നന്ന 6 പേരെ (22,00,000 രൂപ) രക്ഷപ്പെടുത്തി.
- ♦ പാളയം, മരപ്പാലം, കോവളം, ചമ്പാവ്, ഇരയിമ്മൻതുറ, വലിയതുറ, മാർത്താണ്ടൻതുറ ഇടവകകളിലെ 18 അതിഥിതൊഴിലാളികളെ സന്ദർശിക്കുകയും കോൺട്രാക്ടർമാർ സമയാസമയം നൽകാതിരുന്ന കൂലി, 18,000 രൂപ അവർക്ക് വാങ്ങി നൽകി.
- ♦ നോർക്കയിൽ രജിസ്റ്റർ ചെയ്ത ബി.എസ്.സി., എം.എസ്.സി. നേഴ്സിംഗ് ജയിച്ച 8 പേർക്ക് യൂറോപ്യൻ രാജ്യങ്ങളിൽ ജോലി ലഭിക്കുന്നതിനു സഹായിച്ചു.
- ♦ കുവൈറ്റിൽ 5 പേരെ ഗാർഹിക ജോലിക്ക് അയച്ചു.
- ♦ ഹെൽപ്പ്ഡസ്ക്ക് 25 കാളുകളിൽ 125 എണ്ണത്തിലും ഇടപെട്ടു. ആവശ്യമുള്ളവർക്ക് നിയമസഹായം നൽകി.

- സാന്ത്വനം പദ്ധതിവഴി 3 പേർക്ക് 50,000 രൂപ വീതവും വിവാഹ ധനസഹായം 5,000 രൂപയും മരണാനന്തര സഹായമായി 1 ലക്ഷം രൂപയും നോർക്കയിൽ നിന്നും സഹായം ലഭിച്ചു.

## V ലഹരിവിരുദ്ധ / പരിസ്ഥിതി കമ്മിഷൻ

### V. 1 ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

28.06.2022 അഞ്ചുതെങ്ങ് സെന്റ്. ജോസഫ് സ്കൂളിൽ TSSS ന്റെയും സാമൂഹ്യ നീതി വകുപ്പിന്റെയും നേതൃത്വത്തിൽ ലഹരി വിരുദ്ധ ദിനം ആചരിച്ചു. റവ. ഫാ. ബീഡ് മനോജ് ഉദ്ഘാടനം ചെയ്ത യോഗത്തിൽ റവ. ഫാ. ലൂസിയൻ തോമസ്, സാമൂഹ്യ നീതി വകുപ്പ് പ്രതിനിധികൾ, എക്സൈസ് ഓഫീസർ, റ്റി.എസ്. എസ്.എസ്. പ്രതിനിധികൾ, സ്കൂൾ പ്രതിനിധികൾ എന്നിവര ലഹരി വിരുദ്ധ സന്ദേശം പങ്കുവെച്ചു. തുടർന്ന് സാമൂഹ്യനീതി വകുപ്പ് റിസോഴ്സ് ശ്രീമതി. ശാലിനിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. 350 കുട്ടികൾ പങ്കെടുത്തു.

27.6.2022 പൂവാര സ്കൂളില റ്റി.എസ്.എസ്.എസിന്റെയും സാമൂഹ്യ നീതി വകുപ്പിന്റെയും നേതൃത്വത്തിൽ ലഹരി വിരുദ്ധ ദിനം ആചരിച്ചു. തിരുവനന്തപുരം ജില്ല പ്രൊബേഷൻ ഓഫീസർ ഉദ്ഘാടന് ചെയ്ത യോഗത്തിൽ സാമൂഹ്യ നീതി വകുപ്പ് പ്രതിനിധികൾ, റ്റി.എസ്.എസ്.എസ് പ്രതിനിധികൾ, സ്കൂൾ പ്രതിനിധികൾ എന്നിവർ ലഹരി വിരുദ്ധ സന്ദേശം പങ്കുവെച്ചു. തുടർന്ന് സാമൂഹ്യ നീതി വകുപ്പ് റിസോഴ്സ് ശ്രീമതി. ബീന പ്രസീദിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. 500 കുട്ടികൾ പങ്കെടുത്തു.

26.6.2022 പരുത്തിയൂർ ഇടവകയിൽ റ്റി.എസ്.എസ്.എസിന്റെയും മതബോധന സമിതിയുടെയും നേതൃത്വത്തിൽ ലഹരി വിരുദ്ധദിനം ആചരിച്ചു. റവ. ഫാ. ജേക്കബ് സ്റ്റെല്ലസ് ഉദ്ഘാടനം ചെയ്ത യോഗത്തിൽ ശ്രീമാൻ. അജീഷ് ബോധവൽക്കരണ സെമിനാർ നയിച്ചു. റ്റി.എസ്.എസ്.എസിന്റെ പ്രതിനിധികൾ, മതബോധന സ്കൂൾ പ്രതിനിധികൾ എന്നിവർ ലഹരി വിരുദ്ധ സന്ദേശം പങ്കുവെച്ചു. 350 കുട്ടികൾ പങ്കെടുത്തു.

### പരിസ്ഥിതികമ്മീഷൻ റിപ്പോർട്ട്

- 5.6.2022 തിരുവനന്തപുരം രൂപതയിൽ ചിന്നതുറ, മാർത്താണ്ഡൻതുറ, പള്ളം, കരുംകുളം, കാക്കാമൂല, ചെറുവെട്ടുകാട്,

തൃക്കണ്ണാപുരം, ഫാത്തിമമാതാ, മുട്ടട, കാര്യവട്ടം, തുമ്പ, വെന്നി കോട്, ഇടവകകളിൽ ഇടവക വികാരിമാരുടെ സാന്നിദ്ധ്യത്തിൽ പരിസ്ഥിതിദിനം ആചരിച്ചു. ഇടവക അങ്കണത്തിൽ വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുകയും പൊരു അവബോധസെമിനാർ സംഘടിപ്പിക്കുകയും ചെയ്തു.

- 6.6.2022-ൽ സെന്റ്തോമസ് സ്കൂൾ പൂന്തുറ, സെന്റ് ജൂഡ് സ്കൂൾ, ചിന്നത്തുറ, സെന്റ് ജോസഫ് സ്കൂൾ, അഞ്ചുതെങ്ങ്, സെന്റ് സെബാസ്റ്റ്യൻ സ്കൂൾ മൂങ്ങോട് എന്നീ വദ്യാലയങ്ങ ളിൽ പരിസ്ഥിതി ദിനം ആചരിച്ച് വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു.
- 11.6.2022ൽ പൂവാർ വി.എച്ച്.എസ്.എസ്.എസ്. സ്കൂളിൽ റ്റി.എ സ്.എസ്.എസിന്റെയും എൻ.എസ്.എസ്.എസിന്റെയും നേതൃ ത്വത്തിൽ പരിസ്ഥിതിദിനം ആഘോഷിച്ചു.
- 3.6.2022ൽ റ്റി.എസ്.എസ്.എസിന്റെയും തിരുവനന്തപുരം കോർപ്പ റേന്റെയും നേതൃത്വത്തിൽ വലിയതുറ ഫെറോനയിലെ ഇടവ കകളിലെ മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള പൊരുചർച്ച വലിയതുറ ഇടവകയിൽ നടന്നു.

**ഫാ. ആഷ്‌ലിൻ ജോസ്**
**ഡയറക്ടർ**

## മത്സ്യമേഖല ശുശ്രൂഷ

മത്സ്യമേഖല ശുശ്രൂഷാ സമിതിയുടെ ജൂലൈ മാസത്തെ പ്രവർത്തന റിപ്പോർട്ട്

**രൂപതാ വിലയിരുത്തൽ യോഗം:** 08.07.2022-ൽ വെള്ളയമ്പലം ഫിഷ റീസ് മിനിസ്ട്രി ഓഫീസിൽ വച്ച് ഡയറക്ടർ ഫാ. ഷാജിൻ ജോസിന്റെ അദ്ധ്യക്ഷതയിൽ വിലയിരുത്തൽ യോഗം നടന്നു. ഓരോ ഫെറോനയുടെയും പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് ഫെറൊന കളിൽ ക്ലാസ് നല്കുക, തീരശോഷണം, മണ്ണെണ്ണ, കൊല്ലിവല എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു. ഓൺലൈൻ വഴി ക്ഷേമനിധി ബോർഡിൽ അംഗത്വം രജിസ്റ്റർ ചെയ്യുന്നതിനെക്കുറിച്ച് അംഗ ങ്ങൾക്ക് ബോധ്യം നല്കണമെന്നു പറഞ്ഞു. കടൽ അപകടമരണ ഇൻഷുറൻസിൽ അംഗത്വം എടുത്തിട്ടുള്ളവർക്കു മാത്രമേ കടൽ അപകടമരണം ധനസഹായം നല്കു എന്നും അറിയിച്ചു.

**ഫെറോനാ യോഗം :** 18.07.2022ൽ തൂത്തൂർ ഫെറോനയിൽ മത്സ്യ മേഖല ശുശ്രൂഷാ സമിതിയുടെ ഫെറോനായോഗം നടന്നു. ഫിഷ

റീസ് റിസോഴ്സ് ടീം രൂപീകരിക്കാൻ തീരുമാനിച്ചു. അതിനുവേണ്ടി ഓരോ ഇടവകയിൽ നിന്നും 3 അംഗങ്ങളെ വീതം തിരഞ്ഞെടുക്കണമെന്നും പറഞ്ഞു.

ഇടവകതല യോഗം: അഞ്ചുതെങ്ങ് ഫെറോനയിൽ അഞ്ചുതെങ്ങ് ഇടവകയിലും കോവളം ഫെറോനയിൽ വിഴിഞ്ഞം ഇടവകയിലും പുതുക്കുറിച്ചി ഫെറോനയിൽ പള്ളിത്തുറ, ഫാത്തിമാപുരം, പുത്തൻതോപ്പ് ഇടവകകളിലും വലിയതുറ ഫെറോനയിൽ വെട്ടുകാട്, കൊച്ചുവേളി എന്നീ ഇടവകകളിലും പുല്ലുവിള ഫെറോനയിൽ കൊല്ലംകോട്, പൂവാർ, പുതിയതുറ എന്നീ ഇടവകകളിലും മത്സ്യമേഖല ശുശ്രൂഷാ സമിതിയുടെ യൂണിറ്റ് യോഗങ്ങൾ നടന്നു. കൊല്ലിവള്ളം, മണ്ണെണ്ണ പ്രശ്നങ്ങൾ, തീരം നഷ്ടപ്പെടുന്നതിനെക്കുറിച്ചും കടൽക്ഷോഭം, ക്ഷേമനിധി ബോർഡിൽ അംഗത്വം പെൻഷൻ എന്നിവയെക്കുറിച്ചും അതിനെക്കുറിച്ചുള്ള പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. കൊല്ലിവള്ള, മണ്ണെണ്ണ എന്നീ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി വിഴിഞ്ഞം ഇടവകയിലെ ഫിഷറീസ് TMF എക്സിക്യൂട്ടീവ് അംഗങ്ങൾ നിവേദനം കൊടുക്കാൻ തീരുമാനിച്ചു. കൊച്ചുവേളി ഇടവകയിൽ രണ്ടു വരി വീടുകൾ ഭീഷണി നേരിടുന്നതായും മാറ്റി പാർപ്പിക്കേണ്ട സംവിധാനവും ചർച്ച ചെയ്തു തീരുമാനിച്ചു.

**ബോധവത്കരണ ക്ലാസ്:** 30.07.2022ൽ കൊല്ലംകോട് ഇടവകയിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ സുരക്ഷയുമായി ബന്ധപ്പെട്ട് ക്ലാസ് കൊടുക്കാൻ തീരുമാനിച്ചു. വലിയതുറ ഫെറോനയിൽ കടലറിവുകൾ എന്ന വിഷയത്തെക്കുറിച്ച് സെമിനാർ നടത്താൻ തീരുമാനിച്ചു.

**TMF മീറ്റിംഗ് :** 24-ാം തീയതി പുല്ലുവിള ഫെറോനയിൽ കൊല്ലംകോട്, പൂന്തുറ, പൂവാർ, പുതിയതുറ എന്നീ ഇടവകകളിൽ മത്സ്യത്തൊഴിലാളികളുടെയും എല്ലാ പുരുഷ സ്വയം സഹായ സംഘത്തിലെ അംഗങ്ങളുടെയും സംയുക്തയോഗം വിളിച്ചു കൂട്ടുകയും മണ്ണെണ്ണ, കൊല്ലിവള്ളം, എന്നിവയെക്കുറിച്ചും പ്രാദേശിക പ്രശ്നങ്ങളും ചർച്ച ചെയ്യുകയും ചെയ്തു.

**പുരുഷസ്വയം സഹായ സംഘം:** വലിയതുറ ഫെറോനയിൽ 7 പരുഷ സ്വയം സഹായ സംഘങ്ങളുടെ മീറ്റിംഗ് നടന്നു. തോപ്പ് ഇടവകയിൽ സെന്റ് അന്ന എന്ന പുരുഷ എസ്.എച്ച്.ജി. രൂപീകരിച്ചു.

**വിവര ശേഖരണം:** കടൽക്ഷോഭം മൂലം വീട് നഷ്ടപ്പെട്ട കുടുംബങ്ങളുടെ കൊല്ലംകോട് 110 പരുത്തിയൂർ-54 ലിസ്റ്റുകൾ ശേഖരിച്ചു.

**പ്രതിക്ഷേധ മാർച്ചും ധർണ്ണയും:** തീരശോഷണം, കടൽക്ഷേഭം, എന്നിവയാൽ ഭവനം നഷ്ടപ്പെട്ടവരുടെ പുനരധിവാസം, മണ്ണെണ്ണ വില വർദ്ധന കാരണം അസാദ്ധ്യമാകുന്ന മത്സ്യബന്ധനത്തിന് പരിഹാരം കാണുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സെക്രട്ടറിയേറ്റിൽ നടക്കുന്ന പ്രതിക്ഷേധ മാർച്ചും ധർണ്ണയും മത്സ്യത്തൊഴിലാളികളെ പങ്കെടുപ്പിക്കുകയും ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു. കൂടാതെ ഫെറോനാ തലം വഴി നടക്കുന്ന പതിക്ഷേധ ധർണ്ണയിലും മത്സ്യത്തൊഴിലാളികൾ പങ്കെടുത്തു.

## II മത്സ്യക്കച്ചവട സ്ത്രീ ഫോറം

**ഫെറോനാ യോഗം:** 30-ാം തീയി പുതുക്കുറിച്ചി 3-ാം തീയതി പുല്ലുവിള, 10-ാം തീയതി തൂത്തൂർ, 17-ാം തീയതി കോവളം, 26-ാം തീയതി അഞ്ചുതെങ്ങ്, 24-ാം തീയതി വലിയതുറ എന്നീ തീയതികളിൽ അതാത് ഫെറോനകളിൽ മത്സ്യക്കച്ചവട സ്ത്രീകളുടെ ഫെറോനാ യോഗങ്ങൾ നടന്നു. യൂണിറ്റ് വിയിരുത്തൽ നടത്തി.

**ഇടവക തലയോഗം:** പുതുക്കുറുച്ചി 8/8, വലിയതുറ 8/8, തൂത്തൂർ 8/8, പുല്ലുവിള 8/8, കോവളം 4/4, അഞ്ചുതെങ്ങ് 18/18 എന്നീ ക്രമത്തിൽ ഓരോ ഇടവകയിലും മത്സ്യക്കച്ചവട സ്ത്രീകളു ഇടവക തലയോഗങ്ങൾ ടന്നു. മഴക്കാല രോഗങ്ങൾ, ലിംഗസമത്വം, ലിംഗ നീതി എന്നിവയെക്കുറിച്ച് ക്ലാസ്സ് നല്കി.

**ബോധവത്ക്കരണ ക്ലാസ്സ് :** വിഴിഞ്ഞം ഇടവകയിൽ ചംക്ക ഭാഗത്തു മാത്രം കച്ചവടം ചെയ്യുന്ന മത്സ്യക്കച്ചവട സ്ത്രീകളുടെ യോഗം 3-ാം തീയതി ഫാ. മെൽക്കൻ അച്ചന്റെ അദ്ധ്യക്ഷതയിലും പാരിഷ്കൗൺസിൽ അംഗങ്ങളുടെ സാന്നിധ്യത്തിലും കൂടി. പെൽമാറ്റ രീതി, യൂണിഫൊം സ്ഥലക്രമീകരണം എന്നിവയെക്കുറിച്ച് ക്ലാസ് നല്കി.

**ധനസഹായം:** കോവളം ഫെറോനയിൽ പൂന്തുറ, വിഴിഞ്ഞം ഇടവകകളിലെ മത്സ്യബന്ധനം നഷ്ടപ്പെട്ട അഞ്ച് അംഗങ്ങൾക്ക് 50,000/- രൂപയുടെ ചെക്ക് വിതരണം ചെയ്തു.

**ചന്ത സന്ദർശനം:** ഉച്ചക്കട, പരുത്തിയൂർ, ചൊവ്വര, പഴയ ഉച്ചക്കട എന്നീ ചന്തകൾ പുല്ലുവിള ഫെറോനയിൽ വിസിറ്റ് ചെയ്തു. കടയ്ക്കാവൂർ, നിലയ്ക്കാമുക്ക്, ചിറയിൻകീഴ്, വർക്കല എന്നീ ചന്തകൾ അഞ്ചുതെങ്ങ് ഫെറോനയിൽ വിസിറ്റ് ചെയ്തു. ചന്തകളിലെ അടിസ്ഥാന സൗകര്യങ്ങൾ വൃത്തിഹീനമായി കിടക്കുകയും അമ്മമാരുടെ അവസ്ഥകൾ മനസിലാക്കുകും ചെയ്തു.

**ഫാ. ഷാജിൻ ജോസ്**
**ഡയറക്ടർ**

# അല്മായ ശുശ്രൂഷ

**അതിരൂപതാതലം**

**ഫെറോന വൈദീക കോർഡിനേറ്റർമാരുടെ യോഗം**

ഫെറോന തലത്തിൽ അല്മായ ശുശ്രൂഷക്ക് നേതൃത്വം നല്കുന്ന ഫെറോന വൈദീക കോർഡിനേറ്റർമാരുടെ യോഗം 18/7/2022 തിങ്കളാഴ്ച രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ സമന്വയയിലെ കോൺഫറൺസ് ഹാളിൽ വച്ച് കൂടുകയുണ്ടായി. ഫാ. മൈക്കിൾ തോമസ് നേതൃത്വം നല്കിയ യോഗത്തിൽ 8 ഫെറോന വൈദീക കോർഡിനേറ്റർമാരും അതിരൂപതാ ശുശ്രൂഷ കോർഡിനേറ്ററും പങ്കെടുത്തു. അതിരൂപതയിലെയും ഫെറോന ഇടവകകളിലേയും അല്മായ ശുശ്രൂഷയുടെ ഇന്നത്തെ അവസ്ഥ രൂപതാ ഡയറക്ടർ അവതരിപ്പിച്ചു. ഈ ശുശ്രൂഷയുടെ ഘടനയും പ്രവർത്തന മേഖലകളും ഇനിയും ഇടവക ഫെറോന പ്രതിനിധികളും ഭാരവാഹികളും മനസ്സിലാക്കി ശുശ്രൂഷാ പ്രവർത്തനം സജ്ജീവമാക്കേണ്ടതിന്റെ ആവശ്യകത യോഗം ചർച്ച ചെയ്തു.

യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ശുശ്രൂഷാ പ്രതിനിധികൾ, KLCA, KLCWA, DCMS എന്നീ സമുദായ സംഘടനകളുടെ ഭാരവാഹികൾ, ഭക്തസംഘടനാ പ്രതിനിധികൾ, ഡോക്ടേഴ്സ്, നേഴ്സ്മാർ, അധ്യാപകർ, എൻഞ്ചീനീയർമാർ, വക്കീലന്മാർ എന്നിവരുടെ ഫോറങ്ങൾ ഇവയെല്ലാം ചേരുന്നതാണ് അല്മായ ശുശ്രൂഷയുടെ പ്രവർത്തന മേഖലകൾ. ഈ ശുശ്രൂഷയുടെ വൈവിധ്യമാർന്ന പ്രവർത്തന സാധ്യതകളെക്കുറിച്ച് ഇന്നും ഈ ശുശ്രൂഷയുടെ പ്രതിനിധികൾക്ക് അവ്യക്തതയും അജ്ഞതയും നിലനില്ക്കുന്നു. അതിനാൽ അതിരൂപതാ-ഫെറോന-ഇടവക തലത്തിൽ അല്മായ ശുശ്രൂഷ എന്ത്? എന്തിന്? പ്രവർത്തന സാധ്യതകൾ, അല്മായരെ സംബന്ധിക്കുന്ന സഭയുടെ പ്രബോധനങ്ങൾ, സമുദായം നേരിടുന്ന ആനുകാലിക പ്രശ്നങ്ങളും അവയുടെ പ്രതിവിധിയും തുടങ്ങിയ വിഷയങ്ങൾ ഉൽപ്പെടുത്തി അല്മായർക്ക് തുടർപരിശീലനം നല്കേണ്ടതിന്റെ ആവശ്യകത യോഗം ഒന്നടങ്കം പ്രകടിപ്പിച്ചു. ഫെറോന-ഇടവകതല അല്മായ സംഗമം, ഫെറോന ഇടവക സന്ദർശനം, ഇടവകയിലെ ഭക്തസംഘടകളുടെ ഏകീകരണം, സമുദായ സംഘടനകളിലേക്കുള്ള നവ നേതൃത്വത്തിന്റെ തെരഞ്ഞെടുപ്പ് എന്നീ വിഷയങ്ങൾ സജീവ ചർച്ചയ്ക്ക് വിധേയമായി. അല്മായ ശുശ്രൂഷ ശക്തിപ്പെടുത്തുവാനായി താഴെ പറയുന്ന തീരുമാനങ്ങൾ കൂടി കൈക്കൊണ്ടു.

1. ആഗസ്റ്റ് മാസം അല്മായ സമുദായ സംഘടനകളിൽ പുതിയ അംഗങ്ങളെ ചേർക്കുവാൻ പ്രചോദനം നല്കിക്കൊണ്ട് മെമ്പർഷിപ്പ് ക്യാംപയിൻ നടത്തുക.
2. ഫെറോന വികാരിമാരുടെ സഹകരണത്തോടെ എല്ലാ ഫെറോന സമിതികളും സിസ്റ്റർ ആനിമേറ്റർമാരെ നിയോഗിക്കുക.
3. അല്മായ ആനിമേറ്റർമാരില്ലാത്ത കഴക്കൂട്ടം, പേട്ട ഫെറോനകളിൽ ആനിമേറ്റർമാരെ അപ്പോയിന്റ് ചെയ്യുക.
4. ഫെറോന-ഇടവക സന്ദർശനവും പ്രവർത്തന വിലയിരുത്തലും നടത്തുക.
5. ഇടവക കൺവീനർമാരുടെ അതിരൂപതാതല സംഗമം സംഘടിപ്പിക്കുക.
6. റിസോഴ്സ് ടീമിന് രൂപം നല്കി തുടർപരിശീലനം നല്കുക, റിസോഴ്സ് മെറ്റീരിയൽ തയ്യാറാക്കുക.

**അല്മായ ശുശ്രൂഷ ആനിമേറ്റേർസ് യോഗം**

2022 ജൂലൈ 5-ാം തിയതി ഉച്ചയ്ക്ക് 2 മണിക്ക് അല്മായ ശുശ്രൂഷ ഓഫീസിൽ വച്ച് ഫാ. മൈക്കിൾ തോമസിന്റെ അദ്ധ്യക്ഷതയിൽ ഫെറോന ആനിമേറ്റർമാരുടെ യോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ അല്മായ ശുശ്രൂഷ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രൂപതയിലെ എല്ലാ ഇടവകകളിലും പോയി സന്ദർശനം നടത്തുകയും ഓരോ ഇടവകയിലെയും അല്മായ ശുശ്രൂഷയുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് മനസ്സിലാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്നും ഒപ്പം എല്ലാ ഇടവകകളിലും നിലവിലുള്ള ഇടവക കൺവീനർമാരുടെയും എക്സിക്യൂട്ടീവ് സമിതിയുടെയും പേര് വിവരങ്ങൾ ശേഖരിച്ച് ഓഫീസിലെത്തിച്ച് ഫെറോന ഫയലിൽ സൂക്ഷിക്കണമെന്നും ഡയറക്ടർ നിർദ്ദേശിച്ചു. കൂടാതെ വിവിധ തരത്തിലുള്ള ഫോറങ്ങൾ ഉണ്ടെന്നും അതിന്റെ നിലവിലുള്ള അവസ്ഥയെക്കുറിച്ച് മനസ്സിലാക്കി ശക്തിപ്പെടുത്തണമെന്നും ഡയറക്ടർ കൂട്ടിച്ചേർത്തു.

**ഫെറോനതലം**

## I. പുതുക്കുറിച്ചി ഫെറോന

1. **ഫെറോന കൺവീനർമാരുടെ യോഗം:** 3/7/2022-ൽ പള്ളിത്തുറ ഇടവകയിൽ വച്ച് ഫെറോന കോർഡിനേറ്റർ ഫാ. പങ്ക്രീഷ്യസ്, പള്ളിത്തുറ ഇടവക വികാരി ഫാ. ബിനു

അലക്സ് എന്നിവരുടെ സാന്നിധ്യത്തിൽ യോഗം കൂടി. എന്താണ് അല്മായ ശുശ്രൂഷ? ആരാണ് അല്മായർ അവരുടെ പ്രവർത്തനങ്ങൾ എന്താണ് എന്നതിനെക്കുറിച്ചുള്ള ബോധ്യം നല്കി.

2. **ഭക്തസംഘടകളുടെ യോഗം:** 3/7/2022-ൽ പള്ളിത്തുറ ഇടവകയിൽ വച്ച് ഓരോ ഇടവകയിലെയും ഭക്തസംഘടകൾ, സമുദായ സംഘടന എന്നിവരുടെ സംയുക്ത യോഗം ഫെറോന കോർഡിനേറ്ററിന്റെ സാന്നിധ്യത്തിൽ നടന്നു. അല്മായ ശുശ്രൂഷ, സമുദായ സംഘടന, ഭക്തസംഘടനകൾ എല്ലാവരും ഒരുമിച്ചു പ്രവർത്തിക്കേണ്ടവരാണ്. ഭക്തസംഘടനകൾ ആത്മീയ പ്രവർത്തനങ്ങളും KLCA, KLCWA പോലുള്ള സമുദായ സംഘടകൾ രാഷ്ട്രീയ ശാക്തീകരണത്തിനാണ് നേതൃത്വം കൊടുക്കേണ്ടത്.
3. **ഇടവക സന്ദർശനം:** 12-ാം തിയതി സെന്റ് ആൻഡ്രൂസ്, പള്ളിത്തുറ എന്നീ ഇടവകകൾ സന്ദർശിച്ച് അല്മായ ശുശ്രൂഷുടെ പ്രവർത്തനം ഇടവകയിലുള്ള ഭക്തസംഘടനകൾ ഏതൊക്കെ അവയുടെ പ്രവർത്തനങ്ങൾ എന്തെന്നു മനസ്സിലാക്കി.
4. **കൂര്യാ മീറ്റിംഗ്:** ലീജിയൻ ഓഫ് മേരിയുടെ പള്ളിത്തുറ കൂര്യാ മീറ്റിംഗ് 10-ാം തിയതി പള്ളിത്തുറ ഇടവകയിൽ വച്ചു നടന്നു. പള്ളിത്തുറ, തുമ്പ, കൊച്ചുതുറ എന്നീ ഇടവകയിലെ ലീജിയൻ ഓഫ് മേരിയിലെ അംഗങ്ങളാണ് പങ്കെടുത്തത്.

## II. കോവളം ഫെറോന

1. **അല്മായ ശുശ്രൂഷ ഫെറോന മീറ്റിംഗ്:** 17/7/2022-ൽ ആഴാകുളം ഫെറോന സെന്ററിൽ വച്ച് ഫെറോന കോർഡിനേറ്റർ ഫാ. ദീപക്കിന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് കൂടി. ഫെറോനതലത്തിൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. കോവളം KLCA ഫെറോന പ്രസിഡന്റിനെ KCF -ന്റെ തിരുവനന്തപുരം മേഖല കൺവീനറായി തെരഞ്ഞെടുക്കപ്പെട്ടതായി അറിയിച്ചു. അല്മായ ശുശ്രൂഷ ഫെറോന മീറ്റിംഗ് മാസത്തിലെ അവസാനത്തെ ഞായറാഴ്ച 3 മണിക്ക് കൂടാൻ തീരുമാനിച്ചു.
2. **KLCA ഫെറോന മീറ്റിംഗ്:** 10/7/2022-ൽ ആഴാകുളം ഫെറോന സെന്ററിൽ വച്ച് KLCA പ്രസിഡന്റ് ഷിമ്മി

ജോസിന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് കൂടി. തീരശോഷണം, മണ്ണെണ്ണയുടെ വിലവർദ്ധനവ്, KLCA ഇലക്ഷൻ, പതാക പ്രയാണം എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു.

3. **അല്മായ ശുശ്രൂഷ യൂണിറ്റ് മീറ്റിംഗ്:** 9/7/2022-ൽ വിഴിഞ്ഞം ഇടവകയിൽ വച്ച് അല്മായ ശുശ്രൂഷയുടെ യൂണിറ്റ് യോഗം ഫാ. വിനീദിന്റെ അദ്ധ്യക്ഷതയിൽ കൂടി.
4. **KLCA യൂണിറ്റ് യോഗം:** 14/7/2022-ൽ വിഴിഞ്ഞം ഇടവകയിൽ വച്ച് ഇടവക വികാരി ഫാ. മെൽക്കന്റെ അദ്ധ്യക്ഷതയിലും, വിനീദ് അച്ചന്റെ സാന്നിധ്യത്തിലും യൂണിറ്റ് യോഗം കൂടി. മണ്ണെണ്ണവില വർദ്ധനവ്, KLCA അംഗത്വം, ജനറൽബോഡി മീറ്റിംഗ് എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു. 24-ാം തിയതി ഞായറാഴ്ച KLCA ജനറൽബോഡി യോഗം കൂടാൻ തീരുമാനിച്ചു.
5. **ഇടവക സന്ദർശനം:** 17/7/2022-ൽ KLCA ഫെറോന സമിതിയുമായി 10.30-ന് പുന്നമൂട് ഇടവക സന്ദർശിച്ചു. KLCA ഇലക്ഷൻ, പതാക പ്രയാണം, KLCA അംഗത്വം എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു. പുന്നമൂട് ഇടവകയിലെ ഭവനങ്ങൾക്ക് പട്ടയം ഇല്ല എന്ന കാര്യം ചർച്ച ചെയ്തു. ഈ വിഷയത്തിന്മേൽ കോവളം MLA-യെ കാണുന്നതിന് തീരുമാനിച്ചു.

## III. പാളയം ഫെറോന

1. **അല്മായ ശുശ്രൂഷ ഫെറോന മീറ്റിംഗ്:** 11/7/2022-ൽ നടന്ന ഫെറോന Priest Council യോഗത്തിൽ മണക്കാട് ഇടവക വികാരി ഫാ. സെബാസ്റ്റ്യനെ ഫെറോന അല്മായ ശുശ്രൂഷ കോർഡിനേറ്റർ ആയി തിരഞ്ഞെടുത്തു.
2. **ഇടവകതല യോഗങ്ങൾ:** ഫെറോനയിലെ മിക്ക ഇടവകയിലും അല്മായ ശുശ്രൂഷ സമിതി യോഗങ്ങൾ നടക്കുന്നില്ലെന്ന് ഇടവക സന്ദർശനത്തിലൂടെ മനസ്സിലാക്കാൻ സാധിച്ചു. എന്നാൽ ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾ ശക്തമാണ്. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, കൊമ്പ്രീയ സഭ, സൊഡാലിറ്റി, ലീജിയൻ ഓഫ് മേരി യും മറ്റ് സംഘടനകൾ ആയ KLCWA, KLCA, DCMS യോഗങ്ങളും പ്രവർത്തനങ്ങളും നടന്നു വരുന്നു. കോവിഡിനു ശേഷം സമിതി പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് നടക്കുന്നത്.

**പാളയം**

എല്ലാ ഞായറാഴ്ചയും രാവിലെ 10 മണിക്ക് സെന്റ് വിൻസെന്റ് ഡി പോൾ യോഗം നടന്ന് വരുന്നു. പ്രമേഹ രോഗിയുടെ ഭവനത്തിന്റെ മേൽക്കൂര ഷീറ്റ് ഇടാൻ വേണ്ടി 50,000 രൂപയും 17 രോഗികൾക്ക് 24,000 രൂപയും നൽകി. കൊമ്പ്രീയ സഭ 10/7/2022 3.30 ന് കൂടിയ യോഗത്തിൽ പരിശുദ്ധ കർമ്മല മാതാവിന്റെ തിരുനാൾ ആഘോഷിക്കാനും പുതിയ പ്രസീദേന്തിയെ വാഴിക്കൽ ചടങ്ങ് നടത്താനും തീരുമാനിച്ചു. കൂടാതെ കൊമ്പ്രീയ സഭ അംഗങ്ങളുടെ ഭവനത്തിൽ ജപമാല നടത്താനും തീരുമാനിച്ചു.

**പൂഴിക്കുന്ന്**

പൂഴിക്കുന്ന് ഇടവകയിൽ 3/7/2022-ൽ നടന്ന സെന്റ് വിൻസെന്റ് ഡി പോൾ യോഗത്തിൽ ഇടവക പള്ളിയുടെ അടുത്ത് താമസിക്കുന്ന വിധവയായ അക്രൈസ്തവ കുടുംബത്തിന്റെ വീടിന്റെ മേൽക്കൂര മാറ്റി ഒരു ഭവനമായി മാറ്റാൻ 75,000 രൂപ നൽകി സഹായിച്ചു.

3. **KLCA:** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണം മൂലം തീരശോഷണം സംഭവിച്ച് ഭവനം നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുക എന്ന ആവശ്യമായി എയർപോർട്ടിനു മുമ്പിൽ നടക്കുന്ന സമരത്തിൽ KLCA യോടൊപ്പം ഫെറോന KLCWA അംഗങ്ങൾ അഭിവാദ്യം അർപ്പിക്കുകയും സമരത്തിൽ പങ്കെടുക്കുകയും ചെയ്തു.
   അതിരൂപതയുടെ നേതൃത്വത്തിൽ അതിജീവന ഭീഷണി നേരിടുന്ന തീരദേശത്തിന്റെ അനിശ്ചിതകാല സമരത്തിൽ 20/7/2022-ൽ രക്തസാക്ഷിമണ്ഡപത്തിൽ നിന്ന് സെക്രട്ടറിയേറ്റ് മാർച്ചിലും ധർണ്ണയിലും ഫെറോന അംഗങ്ങൾ പങ്കെടുത്ത് വൈദീകർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.
4. **ഇടവക സന്ദർശനം:** ക്രിസ്തുരാജപുരം, വട്ടിയൂർക്കാവ്, മലമുകൾ, പൂഴിക്കുന്ന്, മണക്കാട്, തൈക്കാട്, പാളയം ഇടവകകൾ സന്ദർശിച്ച് അല്മായ ശുശ്രൂഷയുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കി.

24/7/2022-ൽ മണക്കാട് വച്ച് ഫെറോന KLCA, KLCWA യോഗങ്ങൾ നടക്കുന്നു.

**ലീജിയൻ ഓഫ് മേരി**

ലീജിയൻ ഓഫ് മേരി തിരുവനന്തപുരം (സൗത്ത്) കമ്മീ

സിയത്തിന്റെ ജൂലൈ മാസത്തെ യോഗം 9/7/2022 ന് 9 മണിക്ക് ആരംഭിച്ചു. 13 കുരിയാകളിൽ നിന്നും, നേരിട്ടുള്ള 7 പ്രസീദിയങ്ങൾ നിന്നുമായി 60 അംഗങ്ങൾ പങ്കെടുത്തു. പ്രസിഡന്റ് ബ്ര. എ ജയിംസ് കർമ്മല മാതാവിനെക്കുറിച്ച് പ്രഭാഷണം നടത്തി. 2022 ഏപ്രിൽ മാസത്തെ കേരള സെനാത്തൂസ് റിപ്പോർട്ട് ലഭിച്ചു. റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ യോഗത്തിൽ അവതരിപ്പിച്ചു. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ നിലവിലുള്ള ഭാരവാഹികളുടെ കാലാവധി ഒരു തവണത്തേക്ക് നീട്ടി നൽകാനുള്ള ഉപരി സമിതിയുടെ തീരുമാനം യോഗത്തെ അറിയിച്ചു. ഈ കാലയളവിൽ രണ്ട് കുരിയാകളും, ഒരു പ്രസീദിയം സന്ദർശിച്ച് കമ്മീസിയത്തിന് റിപ്പോർട്ട് സമർപ്പിച്ചു. അതിരൂപതയുടെയും, അതിരൂപതാദ്ധ്യക്ഷന്റെയും നിയോഗങ്ങൾക്കായി 2022 ജൂൺ മാസം മുതൽ 2023 ഡിസംബർ മാസം വരെയുള്ള കാലയളവിൽ 10 ലക്ഷം ജപമാല ചൊല്ലാൻ ലീജിയൻ അംഗങ്ങൾക്ക് നിർദ്ദേശം നൽകി.

**KLCWA ജൂലൈ മാസത്തെ പ്രവർത്തന റിപ്പോർട്ട്**

- ജൂലൈ മാസം 18–ാം തിയതി യോഗം പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടി.
- ആനിമസ്ക്രിൻ ചരമദിനം ജൂലൈ 19 സ്ക്വയറിൽ KLCA യോടൊപ്പം പുഷ്പാർച്ചന നടത്തി.
- തിരഞ്ഞെടുപ്പുകൾ ഇടവകകളിൽ നടത്താൻ തീരുമാനിച്ചു.
- വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വരുന്നതുകൊണ്ട് കടൽകയറി വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുക, പോർട്ട് പണി നിർത്തിവച്ച് മത്സ്യതൊഴിലാളികളിൽ പ്രാവീണ്യം നേടിയവരെ കൂടി ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ശാസ്ത്രീയ പഠനം നടത്തുക എന്ന ആവശ്യവുമായി എയർപോർട്ടിനു മുമ്പിൽ നടക്കുന്ന സമരത്തിൽ KLCA യോടൊപ്പം അഭിവാദ്യമർപ്പിച്ചു.
- തിരുവനന്തപുരം അതിരൂപതയുടെ നേതൃത്വത്തിൽ തീരദേശത്തിലെ നമ്മുടെ സഹോദരങ്ങളുടെ അവഗണനക്കെതിരെ നടത്താൻ പോകുന്ന അനിശ്ചിതകാല സമര മുന്നൊരുക്ക കോർ കമ്മിറ്റിയിൽ ഭാരവാഹികൾ പങ്കെടുത്തു.
- തീരദേശ നീതി നിഷേധത്തിനെതിരെ 20–ാം തിയതി വൈദീകരുടെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റിനു മുമ്പിൽ നടന്ന സമരത്തിൽ മാനേജിംങ്ങ് കമ്മിറ്റി അംഗങ്ങൾ ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

സമന്വയ

## KLCA ജൂലൈ മാസത്തെ പ്രവർത്തന റിപ്പോർട്ട്

അതിരൂപത സമിതി ജൂലൈ മാസത്തിൽ 2 ഓൺ ലൈൻ യോഗങ്ങളും 2 ഓഫ് ലൈൻ യോഗങ്ങളും നടത്തി. യുഗപ്രഭാവ യായ ആനിമസ്ക്രീന്റെ 59-ാം ചരമവാർഷികത്തോടനുബന്ധിച്ച് ജൂലൈ 19-ാം തിയതി രാവിലെ 8.30 ന് വഴുതക്കാടുള്ള ആനിമ സ്ക്രീൻ സ്ക്വയറിൽ പുഷ്പാർച്ചനയും അനുസ്മരണവും നടന്നു. വികാരി ജനറൽ മോൺ. യൂജിൻ എച്ച് പെരേര അനുസ്മരണം ഉത്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. മൈക്കിൾ തോമസ് അനു ഗ്രഹ പ്രഭാഷണവും ജൂനിയർ ആനിമസ്ക്രീൻ മുഖ്യപ്രഭാഷണവും നടത്തി.

KLCA അതിരൂപത പ്രസിഡന്റ് ശ്രീ. പാട്രിക് മൈക്കിൾ അദ്ധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി ജോസ് മെസ്മിൻ സ്വാഗതം ആശംസിച്ചു.

KCYM സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷൈജു റോബിൻ, KLCWA അതിരൂപത ജനറൽ സെക്രട്ടറി ശ്രീമതി. മേരി പുഷ്പം, DCMS അതിരൂപത പ്രസിഡന്റ് ശ്രീ. ജോർജ്ജ് പള്ളിത്തറ, KLCA സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ജോസഫ് ജോൺസൺ, ശ്രീ. ആന്റണി ആൽബർട്ട്, അഡ്വ. MA ഫ്രാൻസിസ്, ശ്രീ. ഷിമ്മി ജോസ് എന്നിവർ കുമാരി ആനിമസ്ക്രീനെ അനുസ്മരിച്ചു സംസാരിച്ചു. ശ്രീ. ഓസ്റ്റിൻ നന്ദി പറഞ്ഞു.

അതിരൂപതയുടെ തീരദേശ സംരക്ഷണവുമായി ബന്ധപ്പെട്ട് അതിശക്തമായ സമരപരിപാടികളുടെ ഭാഗമായി ജൂലൈ 20-ാം തിയതി സെക്രട്ടറിയേറ്റിനു മുന്നിൽ നടന്ന വൈദീക സമരത്തിന് അഭിവാദ്യമർപ്പിച്ചുകൊണ്ട് അതിരൂപത സമിതിയും നിരവധി KLCA പ്രവർത്തകരും സമരത്തിൽ പങ്കെടുത്തു.

KCF തിരുവനന്തപുരം മേഖല കൺവീനറായി തിരഞ്ഞെ ടുക്കപ്പെട്ട ശ്രീ. ഷിമ്മി ജോസിനെ അതിരൂപത മാനേജിംഗ് കമ്മിറ്റി യോഗത്തിൽ വച്ച് ഡയറക്ടർ ഫാ. മൈക്കിൾ തോമസ് പൊന്നാട യണിയിച്ച് ആദരിച്ചു. KLCA തിരുവനന്തപുരം അതിരൂപത സമി തിയുടെ ഇതുവരെയുള്ള വരവുചെലവു കണക്കുകൾ യോഗത്തിൽ ട്രഷറർ ശ്രീ. ഫെനിൻ ആന്റെണി അവതരിപ്പിച്ചത് യോഗം പാസ്സാക്കി.

**ഫാ. മൈക്കിൾ തോമസ്**
**ഡയറക്ടർ**